**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 271 — 7.07.2008—ൽ മറുപടിക്ക്

**ജലനിധി പദ്ധതി**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ<br>ശ്രീ. എ.എം. ആരിഫ്<br>ശ്രീ. പി. കൃഷ്ണപ്രസാദ്<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു<br>ശ്രീ. ജോർജ് എം തോമസ് | | ശ്രീ എൻ കെ പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കുടിവെള്ള വിതരണ മേഖലയിൽ ജലനിധി പദ്ധതിയിൽ ഉൾപ്പെടുത്തി ആരംഭിച്ച പുതിയ ചെറുകിട പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അവ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | ജലനിധി പദ്ധതിയൻകീഴിൽ ഏറ്റെടുത്ത 3712 കുടിവെള്ള പദ്ധതികളിൽ 2008 മേയ്മാസം വരെയുള്ള കാലയളവിനുള്ളിൽ 3678 കുടിവെള്ള പദ്ധതികൾ പണി പൂർത്തിയാക്കി തുടർ നടത്തിപ്പിനായി ഗുണഭോക്താക്കളെ ഏൽപ്പിച്ചിട്ടുണ്ട്. ബാക്കിയുള്ള 34 പദ്ധതികളിൽ നിർമ്മാണ പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. |
| (ബി) | ജലനിധി പദ്ധതിയുടെ ഭാഗമായി കക്കൂസുകളും അഴുക്കുചാലുകളും നിർമ്മിക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | ജലനിധി പദ്ധതി പ്രകാരം ഇതുവരെ 67964 പുതിയ കക്കൂസുകളും ശുചിത്വനിലവാരമില്ലാത്ത ആഴം കൂടിയ 24194 കക്കൂസുകളെ ശുചിത്വമുള്ള ഇരട്ടക്കുഴി കക്കൂസുകളാക്കി മാറ്റുകയും 68.36 കി.മി അഴുക്കുചാലിന്റെ നിർമ്മാണവും നടത്തിയിട്ടുണ്ട് |

| | | | |
|---|---|---|---|
| (സി) | മഴവെള്ള സംഭരണികളുടെ നിർമ്മാണത്തിനായി കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (സി) | മഴവെള്ളസംഭരണത്തിന്റെ പ്രധാന്യം ജനങ്ങളിലേക്ക് എത്തിക്കുന്നതിന് മഴവെള്ളസംഭരണ പ്രചരണ പരിപാടികളും പരിശീലനങ്ങളും നടത്തി വരുന്നു. ഈ പരിപാടിയുടെ ഭാഗമായി സംസ്ഥാനത്തുള്ള വിദ്യാലയങ്ങൾ, കോളേജുകൾ, ഉൾപ്പെടെ വിവിധ സ്ഥാപനങ്ങളിൽ 10,000 ലിറ്റർ മുതൽ 25000 ലിറ്റർ ശേഷിയുള്ള 601 സംഭരണികളുടെ നിർമ്മാണം ഇതിനകം പൂർത്തിയായിട്ടുണ്ട്. ഇതിനുപുറമെ പ്രത്യേക പദ്ധതി പ്രകാരം എം.ജി.പിയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാനത്ത് 62 പ്രധാന സർക്കാർ സ്ഥാപനങ്ങളിലും മഴവെള്ള സംഭരണികൾ തയ്യാറാക്കിയിട്ടുണ്ട്. ജലസ്രോതസ്സുകൾ ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജലനിധി പദ്ധതി പ്രകാരം കുടിവെള്ളം നൽകുന്നതിലേക്കായി ഇതു വരെ 13,262 മഴവെള്ള സംഭരണികൾ നിർമ്മിച്ചിട്ടുണ്ട്. |
| (ഡി) | സ്കൂളുകളിലും കോളേജുകളിലും മഴവെള്ള സംഭരണി നിർമ്മിച്ചു നൽകിയിട്ടുണ്ടോ; | (ഡി) | ഉണ്ട്. |
| (ഇ) | ഇവ നല്ല നിലയിൽ പ്രവർത്തിക്കുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) | പൂർത്തിയാക്കിയ മഴവെള്ള സംഭരണികളുടെ നടത്തിപ്പും പരിപാലനവും അതാത് സ്ഥാപനങ്ങൾ നടപ്പിലാക്കുവാനാണ് നിർദ്ദേശിച്ചിരിക്കുന്നത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 272 07/07/2008-ൽ മറുപടിയ്ക്ക്

മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ബി.രാഘവൻ<br>പ്രൊഫ.സി.രവീന്ദ്രനാഥ്<br>ശ്രീ.വി.ശിവൻകുട്ടി<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.മഞ്ഞളാംകുഴി അലി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്ത് മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനായി ഇതിനകം സ്വീകരിച്ച നടപടി വ്യക്തമാക്കുമോ ; | (എ) കേരളത്തിൽ ഒരു മെഡിക്കൽ സർവ്വകലാശാല സ്ഥാപിക്കുന്നതിനെക്കുറിച്ച് പഠനം നടത്താനും അതിനാവശ്യമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുമായി ഡോ.ബി.ഇക്ബാൽ ചെയർമാനായി രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ സർക്കാർ പഠിച്ചുവരുന്നു. |
| (ബി) ആയുർവേദ, ഹോമിയോ മേഖലകളിലും പ്രത്യേക യൂണിവേഴ്സിറ്റികൾ സ്ഥാപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; | (ബി) ആയുർവേദമടക്കമുള്ള ഭാരതീയ ചികിത്സാ സമ്പ്രദായങ്ങൾ, ഹോമിയോപ്പതി എന്നിവയ്ക്കു വേണ്ടി സർവ്വകലാശാല സ്ഥാപിക്കുന്നതിനെ സംബന്ധിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി രണ്ടു കമ്മിറ്റികളെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത കമ്മിറ്റികൾ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളുടെ ശുപാർശകളും സർക്കാർ പരിശോധിച്ചുവരുന്നു. |
| (സി) മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിനും പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുമായി മെഡിക്കൽ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുമോ ? | (സി) ത്വരിതപ്പെടുത്തും. |

സെക്ഷൻ ഓഫീസർ.

<u>പന്ത്രണ്ടാം കേരള നിയമസഭ</u>

<u>എട്ടാം സമ്മേളനം</u>

| | |
|---|---|
| നക്ഷത്ര ചിഹ്നമിട്ട<br>ചോദ്യം നം : 273 | 07.07.2008 ൽ മറുപടിയ്ക്ക് |

<u>ജലനയം</u>

| ചോദ്യം | <u>ഉത്തരം</u> |
|---|---|
| ശ്രീ. വർക്കല കഹാർ<br>ശ്രീ. എം. മുരളി<br>ശ്രീ. കെ. സുധാകരൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)സംസ്ഥാന സർക്കാർ സമഗ്രമായ ജലനയം രൂപീകരിച്ചിട്ടുണ്ടോ; | (എ) കരട് നയം തയ്യാറായിട്ടുണ്ട്. ആയതു അംഗീകരിച്ച് പ്രസിദ്ധപ്പെടുത്തുവാനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി)സംസ്ഥാനത്തെ ജനങ്ങളിൽ ശുദ്ധജലം ലഭിക്കുന്നത് എത്ര ശതമാനം പേർക്കാണെന്ന് കണക്കാക്കിയിട്ടുണ്ടോ; | (ബി) സംസ്ഥാനത്തെ ജനങ്ങളിൽ 70 ശതമാനം പേർക്ക് വിവിധ സ്രോതസ്സുകളിൽ നിന്നും പല തോതിൽ ശുദ്ധ ജലം ലഭ്യമാക്കുന്നുണ്ട്. |
| (സി)എല്ലാവർക്കും ശുദ്ധജലം ലഭ്യമാക്കുന്നതിന് സമയബന്ധിതമായ എന്തെല്ലാം പദ്ധതികൾ നടപ്പാനാക്കാനാണ് ഉദ്ദേശിക്കുന്നത്; | (സി) ത്വരിത ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 97 പദ്ധതികളും ടെക്നോളജി മിഷന്റെ കീഴിൽ 13 ഗ്രാമീണ പദ്ധതികളും നബാർഡ് സഹായത്തോടെ 6 പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പാക്കുന്ന 16 ശുദ്ധ ജല വിതരണ പദ്ധതികളും നടപ്പാക്കിക്കൊണ്ടിരിക്കുന്നു. കൂടാതെ NC/PC യിൽ 252 ചെറുകിട ജല വിതരണ പദ്ധതികളും നടന്നു വരുന്നു. ത്വരിത നഗര ശുദ്ധ ജല വിതരണ പദ്ധതികൾ 7-ഉം LIC സഹായത്തോടെയുള്ള 28 നഗര ശുദ്ധ ജല വിതരണ പദ്ധതികളുടേയും നിർമ്മാണ പ്രവർത്തനം നടന്നുവരുന്നു. ഇതിനു |

(തുടർച്ച)

(ഡി) സംസ്ഥാനത്തെ ജലസംഭരണികളുടെ സംരക്ഷണത്തിനും ശുദ്ധജല വിതരണം കുറ്റമറ്റതാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്?

പുറമേ ജെബിഐസി, എഡിബി, ലോകബാങ്ക്, ഡിഎഫ്ഐഡി എന്നിവയുടെ സഹായത്തോടെയുള്ള വൻകിട ശുദ്ധജല വിതരണ പദ്ധതികളും നടപ്പാക്കി വരുന്നു. കൂടാതെ SPAN പദ്ധതിയിൽ ഉൾപ്പെടുത്തി 36 വൻകിട ശുദ്ധ ജല വിതരണ പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനു പുറമേ ജലനിധിയുടെ തുടർ പദ്ധതിയിൽ ഉൾപ്പെടുത്തി 1200 കോടി രൂപയുടെ ശുദ്ധ ജല വിതരണ പദ്ധതികളും നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

(ഡി) 'മലിനപ്പെടുത്തുന്നവർ വില നൽകേണ്ടി വരും' എന്ന ആശയം പ്രാവർത്തികമാക്കാൻ വേണ്ട നടപടികൾ എടുത്ത് നിലവിലുള്ള സ്രോതസ്സുകളുടെ സംരക്ഷണം ഉറപ്പാക്കാനും കൃഷി വകുപ്പുമായി യോജിച്ച് രാസവളം, കീടനാശിനി എന്നിവ വഴിയുള്ള ജല മലിനീകരണം കഴിയുന്നത്ര കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങളും നടപ്പിലാക്കുന്നതിന് കരട് ജല നയം വിഭാവനം ചെയ്യുന്നു. 'സുജല' പദ്ധതിയുടെ നടത്തിപ്പിലൂടെ ഗ്രാമീണ ശുദ്ധജല വിതരണ പദ്ധതികളുടെ ഗുണ നിലവാരം ഉറപ്പാക്കുവാൻ ഉദ്ദേശിക്കുന്നു.

ജല വിതരണത്തിലെ വിതരണ നഷ്ടം കുറച്ച് അതുവഴി നിലവിലുള്ള ശുദ്ധ ജല വിതരണം മെച്ചപ്പെടുത്താൻ ഉദ്ദേശിക്കുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടേയും ഉപഭോക്താക്കളുടേയും പങ്കാളിത്തത്തോടെ സ്രോതസ്സുകളുടെ നിലനിൽപ് ഉറപ്പാക്കി നിലവിലുള്ള ഡിമാന്റ്-സപ്ളൈ അന്തരം കുറയ്ക്കാൻ ജലനയം വിഭാവനം ചെയ്യുന്നു.

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം 274 — 07.07.2008-ൽ മറുപടിക്ക്

## കുറഞ്ഞവിലയ്ക്ക് ജീവൻരക്ഷാ ഔഷധങ്ങൾ

**ചോദ്യം**

ശ്രീ. എം എ. വാഹിദ്
ശ്രീ. കെ. സി വേണുഗോപാൽ
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

**ഉത്തരം**

ശ്രീമതി. പി. കെ. ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി)

| | |
|---|---|
| എ) സംസ്ഥാനത്തെ പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ വിലക്ക് ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാക്കാൻ എന്തൊക്കെ പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്; | എ) സംസ്ഥാനത്തെ എല്ലാ ആശുപത്രികളിലും പാവപ്പെട്ട രോഗികൾക്ക് ജീവൻരക്ഷാ ഔഷധങ്ങൾ ഇപ്പോൾ തന്നെ സൗജന്യമായി നൽകിവരുന്നു. കൂടാതെ ന്യായവില മെഡിക്കൽ സ്റ്റോറുകൾ വഴി എല്ലാ മരുന്നുകളും പുറത്തുള്ള മെഡിക്കൽ സ്റ്റോറുകളെ അപേക്ഷിച്ച് വിലകുറച്ചാണ് നൽകിവരുന്നത്. ജീവൻ രക്ഷാ മരുന്നുകൾ ഉൾപ്പെടെ സർക്കാർ ആശുപത്രികൾക്കാവശ്യമായ എല്ലാ മരുന്നുകളും സംഭരിച്ച് വിതരണം ചെയ്യുന്നതിനായി രൂപംകൊണ്ട കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴി മരുന്നുകൾ ആവശ്യാനുസരണം ആശുപത്രികൾക്ക് നൽകിവരുന്നു |
| ബി) തിരുവനന്തപുരം മെഡിക്കൽ കോളേജിലെ ഐ.വി. ഫ്ളൂയിഡ് നിർമ്മാണ യൂണിറ്റ് പൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | ബ) ഉണ്ട്. |
| സി) ജീവൻരക്ഷാ മരുന്നുകൾ ലഭ്യമാക്കുന്നതിന് സഹായകമായി ഉണ്ടായിരുന്ന ഇത്തരം യൂണിറ്റുകൾ പൂട്ടുന്നതിനുള്ള കാരണമെന്തെന്ന് വെളിപ്പെടുത്താമോ? | സി) Good Manufacturing Practice (GMP) അനുസരിച്ചുള്ള ഗുണനിലവാര മാനദണ്ഡങ്ങൾ ഏർപ്പെടുത്തി ലൈസൻസ് നേടിയാൽ മാത്രമേ ഈ യൂണിറ്റിൽ ഉല്പാദനം തുടരുവാൻ കഴിയുകയുള്ളൂ. ഈ നിബന്ധന അനുസരിച്ച് ഇത്തരം യൂണിറ്റുകൾക്ക് ആറായിരം സ്ക്വയർ ഫീറ്റ് സ്ഥലവും ഇതിനുവേണ്ടി വരുന്ന പോളിത്തീൻ ബാഗ് നിർമ്മിക്കുന്നതിനുള്ള സൗകര്യവും യൂണിറ്റിൽതന്നെ ഉണ്ടായിരിക്കണം. GMP അനുസരിച്ചുള്ള മാനദണ്ഡങ്ങൾ നിലനിർത്താൻ സാധിക്കാത്തതുകൊണ്ടാണ് ലൈസൻസ് പുതുക്കി ലഭിക്കാത്തത്. ഈ യൂണിറ്റിൽ പുതിയ മെഷീൻ സ്ഥാപിച്ച് സെൻട്രൽ ഡ്രഗ് അതോറിറ്റിയുടെ നിബന്ധന അനുസരിച്ച് പ്രവർത്തനം ആരംഭിക്കണമെങ്കിൽ വലിയ മുതൽമുടക്ക് വേണ്ടിവരും. പുറമെനിന്ന് ഐ.വി ഫ്ളൂയിഡ് 7.50 രൂപക്ക് ലഭിക്കുമ്പോൾ ഈ യൂണിറ്റിൽനിന്ന് ഐ.വി. ഫ്ളൂയിഡ് സപ്ലൈ ചെയ്യുന്നത് 13 രൂപയ്ക്കാണ്. ഇതും സർക്കാരിന് നഷ്ടം വരുത്തുന്നു. കഴിഞ്ഞ മൂന്നുവർഷമായി ഓരോ വർഷവും 5 ലക്ഷം രൂപയാണ് ഇങ്ങനെ നഷ്ടം വന്നുകൊണ്ടിരിക്കുന്നത് ഐ.വി. ഫ്ളൂയിഡ് യൂണിറ്റ് നടത്തുന്ന KHRWS ഭീമമായ സാമ്പത്തിക നഷ്ടത്തിലും കടത്തിലുമുള്ള സ്ഥാപനമാണ്. അവർക്ക് ഇത് തുടർന്നു നടത്താൻ കഴിയാത്ത സാഹചര്യമാണുള്ളത്. |
| ഡി) ലാഭകരമായ രീതിയിലും കുറഞ്ഞ വിലയ്ക്കും സാധാരണക്കാരായ രോഗികൾക്ക് ജീവൻരക്ഷാ ഔഷധങ്ങൾ ലഭ്യമാക്കാനുള്ള പുതിയ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; | ഡി) നിലവിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ആണ് ജീവൻരക്ഷാ മരുന്നുകൾ ഉൾപ്പെടെയുള്ള ആവശ്യമായ എല്ലാ മരുന്നുകളും സംസ്ഥാന തലത്തിൽ ലഭ്യമാക്കുന്നത് ഇതിൽ ഐ.വി. ഫ്ളൂയിഡും ഉൾപ്പെടും. ഔഷധങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ യൂണിറ്റുകൾ തുടങ്ങാൻ തൽക്കാലം ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 275 07/07/2008-ൽ മറുപടിയ്ക്ക്

ആരോഗ്യ മേഖലയിൽ നിർബന്ധിത സേവനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എം.ഉമ്മർ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) സംസ്ഥാനത്തെ ഗവൺമെന്റ് മെഡിക്കൽ കോളേജുകളിൽ നിന്നും ഡെന്റൽ കോളേജുകളിൽ നിന്നും നഴ്സിംഗ് കോളേജുകളിൽ നിന്നും ബിരുദമെടുക്കുന്നവർക്ക് രണ്ടുവർഷമെങ്കിലും സർക്കാർ സ്ഥാപനങ്ങളിൽ സേവനമനുഷ്ഠിക്കുന്നതിന് നിർബന്ധിക്കുന്ന വ്യവസ്ഥകൾ നിലവിലുണ്ടോ ;

(ബി) ഇല്ലെങ്കിൽ ഇത്തരം നിബന്ധന ഏർപ്പെടുത്തി സർക്കാർ സർവ്വീസിൽ ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവ് പരിഹരിക്കുന്നതിനെപ്പറ്റി ആലോചിക്കുമോ ?

(എ) & (ബി)

ബി.ഡി.എസ് ബിരുദധാരികൾ ഒരു വർഷവും എം.ബിബി.എസ്. ബിരുദധാരികൾ 2 വർഷവും ബി.എസ്.സി. നേഴ്സിംഗ് വിദ്യാർത്ഥികൾ ഒരു വർഷവും നിർബന്ധിത സേവനം, സർക്കാർ സ്ഥാപനങ്ങളിൽ അനുഷ്ഠിക്കണമെന്ന് വ്യവസ്ഥയുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 276 | 07/07/2008-ൽ മറുപടിയ്ക്ക് |
|---|---|

ആധുനിക ഉപകരണങ്ങളുടെ സംരക്ഷണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജോസഫ് എം.പുതുശ്ശേരി<br>ശ്രീ.റോഷി അഗസ്റ്റിൻ<br>ശ്രീ.തോമസ് ചാഴികാടൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ പ്രധാനപ്പെട്ട സർക്കാർ ആശുപത്രികളിലേക്കു വേണ്ടി വാങ്ങുന്ന വിലപിടിപ്പുള്ള ഉപകരണങ്ങൾ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;<br>(ബി) അടിയന്തിര ആവശ്യങ്ങൾക്കായി വാങ്ങുന്ന ഇത്തരം ഉപകരണങ്ങൾ യഥാസമയം ഉപയോഗയോഗ്യമാക്കാത്തത് എന്തുകൊണ്ടാണെന്നത് അന്വേഷിച്ചിട്ടുണ്ടോ ; | (എ) & (ബി)<br>ആരോഗ്യ വകുപ്പ് ഡയറക്ടറുടെ കീഴിലുള്ള ആശുപത്രികളിൽ ചില ഉപകരണങ്ങൾ ഉപയോഗിക്കുന്ന സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ അഭാവം ഉണ്ടാകുന്ന സാഹചര്യത്തിൽ ഉപയോഗിക്കാതെ കിടക്കുന്നത് ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (സി) ഈ ഉപകരണങ്ങൾ ഉപയോഗിക്കാത്തതുമൂലം പാവപ്പെട്ട രോഗികൾക്കു നേരിടേണ്ടി വരുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ ;<br>(ഡി) പ്രസ്തുത ഉപകരണങ്ങൾ ഉടൻ തന്നെ പ്രവർത്തനക്ഷമമാക്കുവാൻ നിർദ്ദേശം നൽകുമോ ? | (സി) യും (ഡി) യും<br>നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ടചോദ്യം നം. 277 07.07.2008 ൽ മറുപടിയ്ക്ക്

വെള്ളക്കര വർദ്ധനവ് ഒഴിവാക്കുന്നതിനും കുടിശ്ശിക പിരിച്ചെടുക്കുന്നതിനും നടപടി

| ചോദ്യം | | | മറുപടി |
|---|---|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. കെ. സുധാകരൻ<br>ശ്രീ. ബി ബാബു പ്രസാദ് | | | ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് വെള്ളക്കരം വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) | ജല അതോറിറ്റിയുടെ നിർദ്ദേശം സർക്കാർ പരിഗണനയിലാണ്. |
| (ബി) | നിലവിലുള്ള നിരക്കിൽ എത്ര ശതമാനം വർദ്ധിപ്പിക്കാനാണുദ്ദേശിക്കുന്നത് ; | (ബി) | ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല |
| ((സി) | സംസ്ഥാനത്ത് വെള്ളക്കര കുടിശ്ശിക എത്ര കോടി രൂപ ലഭിക്കാനുണ്ട്; | (സി) | 2007—08 സാമ്പത്തിക വർഷത്തെ കണക്കുകൾ പ്രകാരം ഗാർഹിക, ഗാർഹികേതര, വ്യാവസായിക ഉപഭോക്താക്കളിൽ നിന്നും 179.56 കോടി രൂപയും, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും 609.60 കോടി രൂപയും കുടിശ്ശികയുണ്ട്. |
| (ഡി) | ഇത്തരത്തിൽ വൻകുടിശ്ശിക വരുത്തിയ സ്വകാര്യ പൊതുമേഖല സ്ഥാപനങ്ങളുടെ വിവരം ലഭ്യമാക്കുമോ ; | (ഡി) | കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ, ഇലക്ട്രിസിറ്റി ബോർഡ്, ദേവസ്വംബോർഡ് തുടങ്ങിയ പൊതുമേഖലാ |

സ്ഥാപനങ്ങളാണ് പ്രധാനമായും കുടിശ്ശിക വരുത്തിയിട്ടുള്ളത്.
സ്വകാര്യസ്ഥാപനങ്ങളുടേയും, വ്യക്തികളുടേയും കുടിശ്ശിക സംബന്ധിക്കുന്ന വിവരം ശേഖരിച്ച് വരുന്നു.

| | | | |
|---|---|---|---|
| (ഇ) | പൊതുജനങ്ങളെ ബുദ്ധിമുട്ടിക്കുന്ന തരത്തിലുള്ള വെള്ളക്കര വർദ്ധനവ് ഒഴിവാക്കിക്കൊണ്ട് സ്വകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ള വൻ കുടിശ്ശിക പിരിച്ചെടുക്കാൻ നടപടി സ്വീകരിക്കുമോ? | (ഇ) | കുടിശ്ശിക പിരിച്ചെടുക്കുന്നതിനുള്ള ഊർജ്ജിത നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 278 — 07-07-2008-ൽ മറുപടിയ്ക്ക്

## നാഷണൽ ഗെയിംസ് നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ടി.എ.റഹീം:<br>ശ്രീ.കെ.കുഞ്ഞിരാമൻ:<br>ശ്രീ.ബാബു എം. പാലിശ്ശേരി:<br>ശ്രീ.സി.എച്ച്.കുഞ്ഞമ്പു:<br>ശ്രീ.പി.വിശ്വൻ: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>2009-ലെ നാഷണൽ ഗെയിംസ് കേരളത്തിൽ വച്ച് നടത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;<br>(ബി)<br>നാഷണൽ ഗെയിംസ് കേരളത്തിന് അനുവദിക്കുന്നതു സംബന്ധിച്ച് എന്തെങ്കിലും ഉറപ്പ് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ; | (എ) യും (ബി) യും<br>ഇതിനായി 1 കോടി രൂപ (ഒരു കോടി രൂപ) ഇൻഡ്യൻ ഒളിമ്പിക്സ് അസോസിയേഷന് ബിഡ് മണിയായി നൽകിയിട്ടുണ്ട്. കേന്ദ്ര സർക്കാരിനോടും ഇൻഡ്യൻ ഒളിമ്പിക് അസോസിയേഷനോടും കേരള സർക്കാർ നിരന്തരമായി സമ്മർദ്ദം ചെലുത്തി വരുന്നു. |
| (സി)<br>നാഷണൽ ഗെയിംസ് ലക്ഷ്യമാക്കി ആവിഷ്ക്കരിച്ചിട്ടുള്ള പ്രത്യേക പദ്ധതികൾ എന്തെല്ലാമാണ്; | (സി)<br>ഇത് സംബന്ധിച്ച പ്രാരംഭ ചർച്ചകൾ നടന്നു വരുന്നു. |
| (ഡി)<br>ഗെയിംസ് നടത്തുന്നതിന് ആവശ്യമായ സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിനും മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുമായി കാലേകൂട്ടി നടപടികൾ സ്വീകരിക്കുമോ? | (ഡി)<br>നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 279 | 07/07/2008-ൽ മറുപടിയ്ക്ക് |
|---|---|

## മാനസിക ആരോഗ്യ കേന്ദ്രങ്ങൾ നവീകരിക്കാൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.മുഹമ്മദുണ്ണി ഹാജി | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ (ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) മാനസികാരോഗ്യ കേന്ദ്രങ്ങളുടെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും, മാനസിക രോഗികൾ ചികിത്സയുടെ ഭാഗമായി നേരിടുന്ന പീഡനങ്ങൾ ഇല്ലാതാക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ; | (എ) മാനസികാരോഗ്യ കേന്ദ്രങ്ങളിൽ ശോച്യാവസ്ഥ നിലവിലില്ല. മാനസിക രോഗികൾ ചികിത്സയുടെ ഭാഗമായി പീഢനങ്ങൾ നേരിടുന്നില്ല. |
| (ബി) അസുഖം ഭേദമായിട്ടും ബന്ധുക്കൾ ഏറ്റെടുക്കാത്തതു കാരണം മാനസികാരോഗ്യ കേന്ദ്രങ്ങളിൽ തന്നെ കഴിയേണ്ടി വരുന്നവരെ പുനരധിവസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിക്കുമോ ; | (ബി) രോഗശമനം വന്ന രോഗികളെ അവരുടെ ബന്ധുക്കളെ വരുത്തി ഏൽപ്പിക്കുവാനും ചില സന്ദർഭങ്ങളിൽ ആശുപത്രി വാഹനത്തിൽ ജീവനക്കാരുടെ സഹായത്തോടെ രോഗികളുടെ വീടുകളിൽ കൊണ്ട് ചെന്ന് ഏൽപ്പിക്കുന്നതിനും ഉള്ള സൗകര്യങ്ങൾ നിലവിലുണ്ട്. ബന്ധുക്കൾ ഇല്ലാത്ത രോഗികളെ സാമൂഹ്യക്ഷേമ വകുപ്പിന് കീഴിലുള്ള ആശാഭവനിലും മറ്റ് പുനരധിവാസ കേന്ദ്രങ്ങളിലും പാർപ്പിച്ച് വരുന്നു. ഇത്തരം രോഗികൾക്ക് വേണ്ടി 'കെയർ ഹോം' എല്ലാ ജില്ലയിലും നടപ്പാക്കുന്നതിന് ഉദ്ദേശിക്കുന്നു. ഇതിന്റെ മുന്നോടിയായി തിരുവനന്തപുരം ജില്ലയിൽ ഒരു 'കെയർ ഹോം' നടപ്പിലാക്കാനുള്ള നടപടി പുരോഗമിച്ചു വരുന്നു. മാത്രമല്ല ഇത്തരം രോഗികൾക്ക് തൊഴിൽ പരിശീലനത്തിനുള്ള സൗകര്യങ്ങളും നിലവിലുണ്ട്. |

(......... 2)

(സി) മാനസികാരോഗ്യ രംഗത്ത് തത്വദീക്ഷയുള്ള ചികിത്സ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ ആശുപത്രികളിലും ക്ലിനിക്കൽ സൈക്കോളജി ചികിത്സക്ക് പ്രത്യേകവും സ്വതന്ത്രവുമായ ഒ.പി.യും, ഡിപ്പാർട്ട്മെന്റും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

മെന്റൽ ഹെൽത്ത് ആക്ടും, മെന്റൽ ഹെൽത്ത് റൂളും പ്രകാരം ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ അസിസ്റ്റന്റ് മെന്റൽ ഹെൽത്ത് പ്രൊഫഷണലുകളാണ്. സൈക്യാട്രിസ്റ്റിന്റെ നേതൃത്വത്തിലുള്ള മാനസികാരോഗ്യ ചികിത്സയിൽ രോഗ നിർണ്ണയത്തിലും രോഗചികിത്സയിലും രോഗികളുടെ പുനരധിവാസത്തിലും സഹായിക്കുക എന്നതാണ് ഇവരുടെ ജോലി. ക്ലിനിക്കൽ സൈക്കോളജിസ്റ്റുകൾ സൈക്യാട്രി ഡിപ്പാർട്ടുമെന്റിന്റെ ഭാഗമായി പ്രവർത്തിക്കേണ്ടവരായതിനാൽ പ്രത്യേകവും സ്വതന്ത്രവും ആയ ഒ.പി.യും ഡിപ്പാർട്ടുമെന്റും വേണമെന്നുള്ള ആവശ്യം അംഗീകരിക്കാവുന്നതല്ല.

മാത്രമല്ല ക്ലിനിക്കൽ സൈക്കോളജിസ്റ്റുമാർ മെഡിക്കൽ ബിരുദധാരികളല്ല. ഇവർക്ക് മെഡിക്കൽ കൗൺസിൽ ഓഫ് ഇന്ത്യയുടെ രജിസ്ട്രേഷൻ ഇല്ല. അതിനാൽ ഇവർക്ക് രോഗികളുടെ ചികിത്സയുടെ പൂർണ്ണ ഉത്തരവാദിത്വം നൽകാനാവില്ല. എല്ലാ മെഡിക്കൽ കോളേജുകളിലും സൈക്യാട്രി വിഭാഗത്തിന്റെ ഭാഗമായാണ് ഇവർ പ്രവർത്തിക്കുന്നത്. ഈ രീതി തന്നെയാണ് ഇന്ത്യയിൽ എല്ലായിടത്തും തുടർന്ന് വരുന്നത്. ഇന്ത്യൻ മെഡിക്കൽ കൗൺസിലും ഇതേ അഭിപ്രായം തന്നെയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 280 | 07/07/2008-ൽ മറുപടിയ്ക്ക് |
|---|---|

**ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി.ഇ.എസ്. ബിജി മോൾ<br>ശ്രീ.എൻ. രാജൻ<br>ശ്രീ.വി. എസ്.സുനിൽ കുമാർ<br>ശ്രീ.എ. കെ.ചന്ദ്രൻ<br>ശ്രീ.പള്ളിപ്രം ബാലൻ | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) സംസ്ഥാനത്തെ പൊതുജനാരോഗ്യ സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ ;<br><br>(ബി) സംസ്ഥാനത്തെ പഞ്ചായത്തുകളിൽ ഈ നിയമം കർശനമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ; | (എ) യും (ബി) യും<br><br>ആരംഭിച്ചിട്ടുണ്ട്.<br>ഇതിനുവേണ്ടി തയ്യാറാക്കിയ കരട് ബിൽ വിശദമായി പരിശോധിച്ചു വരുന്നു. |
| (സി) വ്യക്തിഹീനമായ അന്തരീക്ഷത്തിൽ നിന്നുണ്ടാകുന്ന രോഗങ്ങളെ നിയന്ത്രിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) ജലജന്യ രോഗങ്ങളും കൊതുകുജന്യ രോഗങ്ങളും ഇപ്പോഴും കേരളത്തിലെ മുഖ്യമായ ആരോഗ്യ പ്രശ്നങ്ങളാണ് ഇവ നിയന്ത്രിക്കുന്നതിനുള്ള രോഗ പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും ബോധവത്കരണ പ്രവർത്തനങ്ങളും ആരോഗ്യ വകുപ്പിന്റെ കീഴിൽ നടന്നുവരുന്നു. കൂടാതെ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ സഹകരണത്തോടെ മാലിന്യ നിർമ്മാർജ്ജന പ്രവർത്തനങ്ങളും കൊതുകു നിയന്ത്രണ പ്രവർത്തനങ്ങളും നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 281 07-07-2008-ൽ മറുപടിക്ക്

## കായിക താരങ്ങൾക്ക് സർക്കാർ ജോലി

### ചോദ്യം

ശ്രീ.സി.എം.ദിനേശ് മണി:
ശ്രീ.ടി.പി.കുഞ്ഞുണ്ണി:
ശ്രീ.ജോർജ് എം.തോമസ്:
ശ്രീ.എം.കെ.പുരുഷോത്തമൻ:-
ശ്രീ.പി.ടി.എ.റഹീം:

(എ)
കായിക താരങ്ങൾക്ക് സർക്കാർ ജോലി ലഭിക്കുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്;

(ബി)
പോലീസ് വകുപ്പിൽ സ്പോർട്ട്സ് ക്വാട്ട നിയമനം നിലവിലുണ്ടോ; ഇല്ലെങ്കിൽ നിയമനം പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ;

(സി)
കായിക താരങ്ങൾക്ക് ഏതെല്ലാം ഗ്രേഡിലുള്ള ജോലിയാണ് നൽകുന്നത്; ഇതിനു നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്;

### ഉത്തരം

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)
സർക്കാർ സർവ്വീസിൽ കായിക താരങ്ങൾക്ക് നൽകുന്ന നിയമനം പ്രതിവർഷം 20-ൽ നിന്നും 50- ആയി ഉയർത്തിയിട്ടുണ്ട്.

(ബി)
പോലീസ് വകുപ്പിൽ മുടങ്ങിക്കിടക്കുന്ന സ്പോർട്ട്സ് ക്വാട്ട നിയമനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(സി)
പ്രഗൽഭ കായികതാരങ്ങൾക്ക് സ്റ്റേറ്റ് സർവ്വീസ്, സബോർഡിനേറ്റ് സർവ്വീസ്, ലാസ്റ്റ്ഗ്രേഡ് സർവ്വീസ് എന്നീ സേവന രംഗത്തെ തസ്തികയിൽ, അവരവർ കായിക മത്സരങ്ങൾക്ക് നേടിയിട്ടുള്ള മികവിന് ലഭിച്ച സാക്ഷ്യപത്രങ്ങളുടെ മുൻഗണനാ ക്രമത്തിലും താഴെപ്പറയുന്ന തസ്തികകൾക്ക് ബന്ധപ്പെട്ട സ്പെഷ്യൽ റൂൾസിൽ നിശ്ചയിച്ചിട്ടുള്ള യോഗ്യതകളുടെ അടിസ്ഥാനത്തിലുമാണ് നിയമനം നൽകുന്നത്.

1) അസിസ്റ്റന്റ് എൻജിനീയർ (സിവിൽ/ഇലക്ട്രിക്കൽ) പൊതുമരാമത്ത് വകുപ്പ്.
2) അസിസ്റ്റന്റ് സർജൻ, ആരോഗ്യ വകുപ്പ്.
3) കൊമേഴ്സ്യൽ സെയിൽ ടാക്സ് ഓഫീസർ, വാണിജ്യ നികുതി വകുപ്പ്.
4) ഡ്രാഫ്റ്റ്സ്മാൻ ഗ്രേഡ്-1, പൊതുമരാമത്ത് വകുപ്പ്.
5) അസിസ്റ്റന്റ് ഗ്രേഡ്-2, സെക്രട്ടറിയേറ്റ്/പബ്ലിക് സർവ്വീസ് കമ്മീഷൻ/അഡ്വക്കേറ്റ് ജനറൽ ഓഫീസ്.
6) ലോവർ ഡിവിഷൻ ക്ലാർക്ക് (വിവിധ വകുപ്പുകൾ)
7) ലോവർ ഡിവിഷൻ ടൈപ്പിസ്റ്റ് (വിവിധ വകുപ്പുകൾ)
8) കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്/സ്റ്റെനോ ടൈപ്പിസ്റ്റ് ഗ്രേഡ്-3, (വിവിധ വകുപ്പുകൾ)
9) ഹൈസ്കൂൾ അസിസ്റ്റന്റ്, വിദ്യാഭ്യാസ വകുപ്പ്.
10) അപ്പർ പ്രൈമറി/ലോവർ പ്രൈമറി സ്കൂൾ അസിസ്റ്റന്റ്.
11) പ്യൂൺ (വിവിധ വകുപ്പുകൾ)
12) ചൗക്കീദാർ (വിവിധ വകുപ്പുകൾ)
13) ലിഫ്റ്റ് ഓപ്പറേറ്റർ (വിവിധ വകുപ്പുകൾ)
14) റോണിയോ ഓപ്പറേറ്റർ (വിവിധ വകുപ്പുകൾ)

(ഡി)

സ്പോർട്സ് ക്വാട്ട നിയമനത്തിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; ഏതെല്ലാം സ്പോർട്സ് ഇനങ്ങളിലെ മികവാണ് നിയമനത്തിന് പരിഗണിക്കുന്നത് എന്ന് വിശദമാക്കുമോ;

(ഡി)

സ്പോർട്സ് ക്വാട്ട നിയമനത്തിന് വേണ്ട യോഗ്യതകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.

ഇതിൽ വിവരിച്ചിട്ടുള്ള കായിക മത്സരങ്ങൾക്ക് നേടിയിട്ടുള്ള മികവിന് ലഭിച്ച സാക്ഷ്യപത്രങ്ങളുടെ മുൻഗണനാ ക്രമത്തിന്റെ അടിസ്ഥാനത്തിലാണ് നിയമനം നൽകുന്നത്.

(ഇ)

പൊതുമേഖലാ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് ജോലി ലഭിക്കുന്നതിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ ?

(ഇ)

പൊതുമേഖലാ സ്ഥാപനങ്ങളിൽ സ്പോർട്സ് ക്വാട്ടാ നിയമനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

## ANNEXURE I

**Order of priority for Selection of Sports persons for appointment in State Government Service under Sports Quota**

1. Representing India in approved World Competitions/Olympics and winning first place.
2. Representing India in approved World Competitions/Olympics and winning second place.
3. Representing India in approved World Competitions/Olympics and winning third place.
4. Representing India in World University Games and winning first place.
5. Representing India in World University Games and winning second place.
6. Representing India in World University Games and winning third place.
7. Representing India in Commonwealth Games and winning first place.
8. Representing India in Commonwealth Games and winning second place.
9. Representing India in Commonwealth Games and winning third place.
10. Representing India in Asian Games and winning first place.
11. Representing India in Asian Games and winning second place.
12. Representing India in Asian Games and winning third place.
13. Representing India in Afro Asian Games and winning first place.
14. Representing India in Afro Asian Games and winning second place.
15. Representing India in Afro Asian Games and winning third place.
16. Representing India in Olympics.
17. Representing India in Asian Championship conducted by approved Asian body of the discipline and winning first place.
18. Representing India in Asian Championship conducted by approved Asian body of the discipline and winning second place.
19. Representing India in Asian Championship conducted by approved Asian body of the discipline and winning third place.
20. Representing India in Commonwealth Games.
21. Representing India in Asian Games
22. Representing India in Afro Asian Games.
23. Representing India in SAF Games and winning first place.
24. Representing India in SAF Games and winning second place
25. Representing India in SAF Games and winning third place
26. Representing India in SAF Games.
27. Representing Kerala State in Senior National Championships for Men/Women or National Games and winning first place.
28. Representing Kerala State in Senior National Championships for Men/Women or National Games and winning second place.
29. Representing Kerala State in Senior National Championships for Men/Women or National Games and winning third place.
30. Representing Kerala State in Senior National Championships for Men/Women or National Games.
31. Representing University and winning first place in all India Inter-University Competitions.

**Priority for the physically handicapped persons:**

1. Representing India in the approved International Competitions and winning first place.
2. Representing India in the approved International Competitions and winning second place.
3. Representing India in the approved International Competitions and winning third place.
4. Representing India in the approved International Competitions.
5. Representing Kerala State in the Nationals and winning first place.
6. Representing Kerala State in the Nationals and winning second place.
7. Representing Kerala State in the Nationals and winning third place.

പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 282

7.7.2008-ൽ മറുപടിയ്ക്ക്

## കൈത്തറി, ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് നടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ജയരാജൻ<br>ശ്രീ. വി.ജെ. തങ്കപ്പൻ<br>ശ്രീ. എം. പ്രകാശൻ മാസ്റ്റർ<br>ശ്രീമതി. കെ.കെ.ശൈലജ ടീച്ചർ<br>ശ്രീ. കെ. കുഞ്ഞിരാമൻ | ശ്രീ എളമരം കരീം<br>(വ്യവസായ വകുപ്പു മന്ത്രി) |
| എ) കൈത്തറി മേഖലയെ പുനരുദ്ധാരിത്തിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്. | എ) കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി താഴെ വിവരിക്കുന്ന പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പിലാക്കി വരുന്നു.<br>1. ഫാക്ടറി ടൈപ്പ് പ്രാഥമിക കൈത്തറി സംഘങ്ങളുടെയും അപ്പക്സ് സ്ഥാപനങ്ങളുടെയും പുനരുദ്ധാരണം<br>2. കൈത്തറിയിൽ മേഖലാ ബ്രാൻഡുകളുടെ വികസനം.<br>3. കയറ്റുമതി ഉൽപ്പന്ന വികസനത്തിനും വിപണനത്തിനും ഗ്രാൻറ് നൽകൽ.<br>4. ക്ലസ്റ്റർ പദ്ധതികൾ<br>5. കൈത്തറി നെയ്ത്ത് സംഘങ്ങളിൽ ഓഹരി പങ്കാളിത്തം<br>6. എക്സിബിഷൻ എക്സ്പോകൾ സംഘടിപ്പിക്കലും പങ്കെടുക്കലും.<br>7. ഉൽപ്പന്ന വൈവിദ്ധ്യ വൽക്കരണത്തിന് പരിശീലനം.<br>8. ഗുണമേന്മയുള്ള അസംസ്കൃത വസ്തുക്കൾ നൽകുക.<br>9. കൈത്തറി സംഘങ്ങളിൽ യന്ത്രത്തറി കൂടി സ്ഥാപിച്ച് ഫാക്ടറി മാതൃകാ സംഘങ്ങളുടെ ആധുനികവൽക്കരണം.<br>10. നെയ്ത്തുകാർക്ക് സാങ്കേതിക വിദ്യയുടെ കൈമാറ്റം<br>11. മിനി പ്രീലൂം പ്രോസസിംഗ് സെൻറർ സ്ഥാപിക്കുക<br>12. ഹാൻറക്സ്, ഹാൻവീവ് എന്നിവയ്ക്ക് ഓഹരി പങ്കാളിത്തം |

| | | | |
|---|---|---|---|
| | | | 13. കൊല്ലം, കണ്ണൂർ, തൃശ്ശൂർ എന്നിവിടങ്ങളിൽ കഴിനൂൽ ഉല്പാദന കേന്ദ്രങ്ങൾ സ്ഥാപിക്കുക<br>14. കൈത്തറി നെയ്ത്തുകാർക്ക് ഗ്രൂപ്പ് ഇൻഷ്വറൻസ്, ആരോഗ്യ ഇൻഷ്വറൻസ് പദ്ധതികൾ. |
| ബി) | കൈത്തറി മേഖല ഇപ്പോൾ നേരിടുന്ന ബുദ്ധിമുട്ടുകൾ എന്തെല്ലാമാണ്; | ബി) | 1. പ്രധാനമായും യന്ത്ര വൽകൃത ഉൽപ്പന്നങ്ങളുമായി മൽസരിക്കാനുള്ള കഴിവില്ലായ്മ<br>2. കുറഞ്ഞ കൂലി<br>3. റിബേറ്റ് സീസൺ ഒഴികെയുള്ള സമയങ്ങളിലെ വിൽപ്പനക്കുറവ്.<br>4. മൂലധനത്തിന്റെ അപര്യാപ്തത<br>5. നൂതന സാങ്കേതിക വിദ്യയുടെ അഭാവം<br>6. കൈത്തറി വസ്ത്രങ്ങളുടെ ഉൽപ്പാദന വിപണന ചിലവുകളിലുള്ള വർദ്ധന<br>7. മിൽ തുണികളുടെ വിലക്കുറവ്<br>8. പുതിയ തലമുറയുടെ താല്പര്യക്കുറവ്<br>9. കൈത്തറി വസ്ത്രങ്ങളോട് ജനങ്ങൾക്കുള്ള ആഭിമുഖ്യക്കുറവ് |
| സി) | കൈത്തറി മേഖലയിൽ പുതിയ ഡിസൈനുകൾ കൊണ്ടുവരുന്നതിനും തന്മൂലം കൈത്തറി തുണികൾ ആകർഷകമാക്കുന്നതിനും നടപടി സ്വീകരിക്കുമോ; | സി) | എൻ.ഐ.എഫ്.റ്റി, എൻ.ഐ.ഡി. എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് ഡിസൈനുകൾ തയ്യാറാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. |
| ഡി) | ഖാദി-കൈത്തറി മേഖലയിലെ റിബേറ്റ് കുടിശ്ശിക കൊടുത്തു തീർക്കുന്നതിന് നടപടി സ്വീകരിക്കുമോ; | ഡി) | ഖാദി മേഖലയിൽ ഇപ്പോൾ റിബേറ്റ് കുടിശ്ശിക ഇല്ല. കൈത്തറി മേഖലയിലെ റിബേറ്റ് കുടിശ്ശിക സാമ്പത്തിക ലഭ്യതക്കനുസരണമായി കൊടുത്തു തീർക്കുന്നതാണ്. |
| ഇ) | ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ? | ഇ) | സംസ്ഥാന സർക്കാരിന്റെ ഫ്ളാഗ്ഷിപ്പ് പരിപാടിയിൻ കീഴിൽ ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി 2007-08 വർഷം ഖാദി ഗ്രാമ വ്യവസായ ബോർഡിന് 60 ലക്ഷം രൂപ അനുവദിച്ചിരുന്നു. അതിൽ 24.93 ലക്ഷം രൂപ 8 ഖാദി സഹകരണ സംഘങ്ങൾ പുനരുദ്ധരിക്കുന്നതിന് ചെലവഴിച്ചു. ബാക്കി തുക ഇക്കൊല്ലം വിനിയോഗിക്കുന്നതാണ്. 2008-09 വർഷം ഖാദി സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനു വേണ്ടി 20 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 285 — 07..07..2008 - ൽ മറുപടിക്ക്

## ചെറുകിട വ്യവസായ വികസന പരിപാടികൾ

ചോദ്യം

ശ്രീ. കെ. പി. മോഹനൻ :
ശ്രീ. ജോസ് തെറ്റയിൽ:
ശ്രീ. എം. കെ. പ്രേംനാഥ്:
ശ്രീ. എം. വി. ശ്രേയാംസ് കുമാർ:

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | നടപ്പു വർഷത്തെ പദ്ധതി പ്രവർത്തനത്തിൽ മുൻഗണന നൽകുന്ന ചെറുകിട വ്യവസായ വികസന പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ ; | (എ) | നടപ്പു വർഷം പീഡിത ചെറുകിട വ്യവസായങ്ങളുടെ പുനരുദ്ധാരണത്തിന് മുൻഗണന നൽകുന്നതാണ്. ഇതിന്റെ ഭാഗമായി ചെറുകിട വ്യവസായ മേഖലയിൽ '3607' പീഡിത വ്യവസായങ്ങളെ കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 485 യൂണിറ്റുകളെ ഈ വർഷം പുനരുദ്ധരിക്കുന്നതിനുദ്ദേശിക്കുന്നു.<br>വ്യവസായ ക്ലസ്റ്ററുകളെ വികസിപ്പിക്കുന്നതിനുള്ള നടപടികൾക്ക് ഊന്നൽ നൽകുന്നതാണ്.<br>ഈ വർഷം സംസ്ഥാനത്ത് 13250 ചെറുകിട സംരംഭങ്ങൾ ആരംഭിക്കുന്നതിന് നടപടി എടുക്കുന്നതാണ്. ഇതിന്റെ ഭാഗമായി വ്യവസായ സെമിനാറുകളും സംരംഭക പരിശീലന പരിപാടിയും സംഘടിപ്പിക്കുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രത്തിലെ ഉദ്യോഗസ്ഥന്മാർ ഇതിനായി Hand holding service നടത്തുന്നതാണ്. പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മാർജിൻമണി ലോൺ, മൂലധന സബ്സിഡി |

| | | | |
|---|---|---|---|
| | | | എന്നിവ നല്കി സഹായിക്കുന്നതാണ്. നിലവിലുള്ള സംരംഭങ്ങളുടെ വൈവിധ്യവല്ക്കരണം, നവീകരണം, വികസനം എന്നിവ നടപ്പിലാക്കുന്നതിന് അവയ്ക്ക് മൂലധന സബ്സിഡി നല്കി സഹായിക്കുന്നതാണ്. ചെറുകിട വ്യവസായ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും വികസിപ്പിക്കുന്നതിനും വ്യവസായ പ്രദർശനങ്ങൾ ജില്ലകളിൽ സംഘടിപ്പിക്കുന്നതാണ്. ന്യൂഡൽഹിയിൽ നടക്കുന്ന അന്താരാഷ്ട്ര വിപണന മേളയിൽ ചെറുകിട വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | കേന്ദ്ര സർക്കാരിന്റെ ചെറുകിട വ്യവസായ വികസന പദ്ധതി (ഗ്രോത്ത് പോൾ) യുടെ സംസ്ഥാനത്തെ പ്രവർത്തന പുരോഗതി വ്യക്തമാക്കുമോ ; | (ബി) | കേന്ദ്രസർക്കാരിന്റെ സൂക്ഷ്മ, ചെറുകിട, ഇടത്തരം മന്ത്രാലയത്തിന്റെ കീഴിൽ പ്രവർത്തിക്കുന്ന നാഷണൽ കമ്മീഷൻ ഫോർ എന്റർപ്രൈസസ് സെക്ടർ (NCEUS) ന്റെ സഹായത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതിയാണ് ഗ്രോത്ത് പോൾ വികസന പദ്ധതി.<br>ഗ്രോത്ത് പോൾ പദ്ധതി കൊല്ലം ജില്ലയിൽ നടപ്പിലാക്കുവാൻ കരടുരേഖ കെ-ബിപ് NCEUS-ന് സമർപ്പിക്കുകയും NCEUS സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുവാൻ കെ-ബിപിന് അനുമതി നല്കുകയുമുണ്ടായി.<br>ഇപ്രകാരം ഇൻഫ്രാസ്ട്രക്ചർ ലീസിംഗ് ആന്റ് ഫിനാൻഷ്യൽ സർവ്വീസസ് (IL&FS) എന്ന കൺസൾട്ടൻസി സ്ഥാപനം മുഖേന സമഗ്ര പ്രോജക്ട് റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കുവാൻ സംസ്ഥാന സർക്കാർ അനുമതി നല്കി.<br>കശുവണ്ടി, കയർ, ഫിഷറീസ്, ടൂറിസം എന്നീ മേഖലകൾ കേന്ദ്രീകരിച്ചുള്ള വികസനത്തിന് ഊന്നൽ നല്കിക്കൊണ്ടാണ് കൊല്ലം ഗ്രോത്ത് പോളിന്റെ സമഗ്ര പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയത്.<br>കൊല്ലം ഗ്രോത്ത് പോൾ പദ്ധതിയുമായി ബന്ധപ്പെട്ട് എല്ലാ മേഖലയിലുള്ളവരുമായി വിശദമായ ചർച്ചകൾ നടത്തുകയും അവരുടെ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഉൾക്കൊള്ളുകയും ചെയ്തുകൊണ്ട് 276.94 കോടി രൂപയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി NCEUS-ൽ സംസ്ഥാന സർക്കാർ സമർപ്പിച്ചു. ഇത് ഇപ്പോൾ നടപ്പിലാക്കി വരുന്ന വിവിധ പദ്ധതികളുടെ ഷെയർ ഉൾപ്പെടെയുള്ള തുകയാണ്.<br>NCEUS-ന്റെ ചെയർമാനും കമ്മിറ്റി അംഗങ്ങളും 2008 - ഏപ്രിൽ മാസത്തിൽ കേരളം സന്ദർശിച്ചു ചർച്ചകൾ നടത്തു-കയുണ്ടായി. ഈ റിപ്പോർട്ട് ന്യൂഡൽഹിയിലെ എം. എസ്. എം. ഇ. മന്ത്രാലയത്തിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. |
| (സി) | ചെറുകിട വ്യവസായങ്ങളുടെ നവീകരണം, ഉൽപന്ന വൈവിധ്യവൽക്കരണം, കയറ്റുമതി എന്നിവ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പരിപാടികളാണ് പരിഗണനയിലുള്ളത്; വിശദമാക്കാമോ ? | (സി) | ചെറുകിട വ്യവസായങ്ങളുടെ നവീകരണം, ഉൽപന്ന വൈവിധ്യവൽക്കരണം, കയറ്റുമതി എന്നിവ ശക്തിപ്പെടുത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി മൂലധന സബ്സിഡി നല്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നം : 284

07.07.2008 ൽ മറുപടിയ്ക്ക്

ജലസംരക്ഷണ നയം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. സി. വേണുഗോപാൽ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. എ. പി. അനിൽകുമാർ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സമഗ്രമായ ജലസംരക്ഷണ നയം രൂപീകരിക്കുമോ; | (എ) സമഗ്രമായ ജലനയം രൂപീകരിക്കുന്നതാണ്. |
| (ബി) ഇക്കാര്യത്തിൽ വിവിധ വകുപ്പുകളുടെ ഏകോപന പ്രവർത്തനം സാദ്ധ്യമാക്കുന്നതിന് എന്തൊക്കെ നിർദ്ദേശങ്ങളാണ് പരിഗണനയിലുള്ളത്; | (ബി) കൃഷി വകുപ്പുമായി യോജിച്ച് രാസവളം, കീടനാശിനി എന്നിവ വഴിയുള്ള ജല മലിനീകരണം കഴിയുന്നത്ര കുറയ്ക്കുന്നതിനുള്ള മാർഗ്ഗങ്ങൾ നടപ്പിലാക്കുന്നതിന് കരട് ജല നയം വിഭാവനം ചെയ്യുന്നു. തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് മഴവെള്ള സംരക്ഷണത്തിനുള്ള സഹായവും പരിശീലനവും പ്രത്യേക പ്രോത്സാഹന പരിപാടികളും നടപ്പിലാക്കും. കടലോര സംരക്ഷണ പ്രവർത്തനങ്ങൾക്ക് മുന്നോടിയായി, തീരദേശപദ്ധതികൾ, തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടെ തയ്യാറാക്കും. |
| (സി) ജല സ്രോതസ്സുകളിൽ നിന്ന് അനിയന്ത്രിതമായുള്ള മണലൂറ്റ് തടയുന്നതിന് ഈ നയത്തിൽ വ്യവസ്ഥ ചെയ്യാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) കരട് ജല നയത്തിൽ ഇതിനെപ്പറ്റി പ്രതിപാദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 285 | 07/07/2008-ൽ മറുപടിയ്ക്ക് |
|---|---|

## റെഡ്ക്രോസ് സൊസൈറ്റികൾ നടത്തുന്ന പ്രവർത്തനങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ടി.പി.കുഞ്ഞുണ്ണി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കെ.കെ.ജയചന്ദ്രൻ<br>ശ്രീ.കെ.സി.കുഞ്ഞിരാമൻ<br>ശ്രീമതി.കെ.കെ.ലതിക | ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |

(എ) റെഡ്ക്രോസ് സൊസൈറ്റികൾ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; എന്തെല്ലാം പരിശീലന പരിപാടികളാണ് ഇപ്പോൾ നടത്തുന്നത്;

(എ) യുദ്ധത്തിൽ മുറിവേൽക്കുന്ന സൈനികരുടെ പുനരധിവാസം, പ്രകൃതി ദുരന്തത്തിന് ഇരയാകുന്നവർക്ക് അടിയന്തിര സഹായം, വയോജന ക്ഷേമം, മാതൃശിശു സംരക്ഷണം സൗജന്യ രക്തദാനപരിപാടി, പകർച്ചവ്യാധികൾക്കെതിരെയുള്ള ചികിത്സയും ബോധവത്കരണവും തുടങ്ങിയവയാണ് റെഡ്ക്രോസിൻെറ പ്രധാന പ്രവർത്തനങ്ങൾ. ഇന്ത്യൻ റെഡ്ക്രോസ് സൊസൈറ്റിയുടെ ഉപശാഖയായ സെൻറ് ജോൺ ആംബുലൻസ് വഴി നടപ്പിലാക്കുന്ന ഫസ്റ്റ് എയ്ഡ് ട്രെയിനിംഗും ഹോം നഴ്സിംഗ് ട്രെയിനിംഗും കേരള ഘടകത്തിൽ ഇപ്പോൾ നടന്നുവരുന്നു.

(ബി) ഹോം നഴ്സിംഗ് സർവ്വീസിന് സൊസൈറ്റി പരിശീലനം നൽകുന്നുണ്ടോ ; എങ്കിൽ ഇവർക്ക് സൊസൈറ്റി മുഖേന നിയമനം നൽകുന്നുണ്ടോ ;

(ബി) ഇൻഡ്യൻ റെഡ്ക്രോസ് സൊസൈറ്റി, കേരള ഘടകം, ഹോം നഴ്സിംഗ് സർവ്വീസിനുവേണ്ടി ട്രെയിനിംഗ് നടത്തുന്നുണ്ട്. പരിശീലനം നേടുന്നവർക്ക് സൊസൈറ്റി മുഖേന നിയമനം നൽകിവരുന്നു.

(സി) ദുരന്ത നിവാരണ പ്രവർത്തനങ്ങളിൽ യുവജനങ്ങളെ സജ്ജമാക്കുന്ന എന്തെങ്കിലും പ്രവർത്തനം റെഡ്ക്രോസ് സൊസൈറ്റി നടത്തുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ ;

(സി) ഇല്ല

(ഡി) റെഡ് ക്രോസ് സൊസൈറ്റിക്ക് കേന്ദ്ര സർക്കാരിൽ നിന്ന് എന്തു തുക അനുവദിച്ചിട്ടുണ്ട് ?

(ഡി) കേന്ദ്ര സർക്കാരിൽ നിന്നും യാതൊരു സാമ്പത്തിക സഹായവും അനുവദിച്ചിട്ടില്ല.

സെക്ഷൻ ഓഫീസർ.

# പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 286 — 07.07.2008-ൽ മറുപടിക്ക്

## ജലമോഷണവും ജലചോർച്ചയും കണ്ടുപിടിക്കുന്നതിന് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി. എൻ. വാസവൻ<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ<br>ശ്രീ.കെ.കെ. ദിവാകരൻ<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. വി. ശിവൻകുട്ടി | ശ്രീ.എൻ.കെ.പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കുടിവെള്ള വിതരണത്തിനിടെ ജലമോഷണവും ജലചോർച്ചയും ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ; | (എ) വാട്ടർ അതോറിറ്റിയുടെ ജലവിതരണ ശൃംഖലയിൽ നിന്നും അറിവോ സമ്മതമോ ഇല്ലാതെ കണക്ഷൻ എടുക്കുക, ഗാർഹിക ആവശ്യങ്ങൾക്കായി നല്കുന്ന കണക്ഷനുകളിൽ നിന്നും അതോറിറ്റിയുടെ അനുവാദം കൂടാതെ നിർമ്മാണം മറ്റു പ്രവർത്തനങ്ങൾ എന്നിവക്കായി ജലം ഉപയോഗിക്കുക, പൊതുടാപ്പുകളിൽ നിന്നും ഹോസ് ഉപയോഗിച്ച് ജലം സംഭരിയ്ക്കുക, വാഹനങ്ങൾ കഴുകുക മുതലായ ആവശ്യങ്ങൾക്കായി ജലം ഉപയോഗിയ്ക്കുക എന്നീതരത്തിലുള്ള ജല ദുർവിനിയോഗങ്ങളാണ് പ്രധാനമായും അതോറിറ്റിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത്. ഇവ ശ്രദ്ധയിൽ പെടുന്ന മുറയ്ക്ക് കണക്ഷനുകൾ വിച്ഛേദിയ്ക്കുകയും കുറ്റക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.<br>കാലപ്പഴക്കം ചെന്ന പൈപ്പു ലൈനുകളിൽ ചോർച്ച ഉണ്ടാകുന്നതു മൂലവും പൈപ്പു ലൈനുകളിലെ തകരാറുകൾ മൂലവും പൈപ്പുലൈനുകൾക്കു സമീപം നിർമ്മാണവേലകൾ ചെയ്യുമ്പോൾ പൈപ്പു ലൈനുകൾക്കുണ്ടാകുന്ന തകരാറുകൾ മൂലവും ജല ചോർച്ച |

| | | | |
|---|---|---|---|
| | | | ഉണ്ടാകുന്നുണ്ട്. ചോർച്ച ശ്രദ്ധയിൽപ്പെടുന്ന മുറയ്ക്ക് അടിയന്തിരമായി അറ്റകുറ്റ പണികൾ നടത്തുവാനുള്ള സംവിധാനം നിലവിലുണ്ട്. |
| (ബി) | ജലമോഷണവും ജലചോർച്ചയും കണ്ടുപിടിക്കുന്നതിന് ഇപ്പോൾ സംവിധാനമുണ്ടോ; ഇല്ലെങ്കിൽ സംവിധാനം ഏർപ്പെടുത്തുമോ; | (ബി) | ജല മോഷണം കണ്ടു പിടിക്കുന്നതിനും ഫലപ്രദമായി തടയുന്നതിനുമായി തിരുവനന്തപുരം, കൊച്ചി മേഖലകളിൽ "ആന്റി വാട്ടർ തെഫ്റ്റ് സ്ക്വാഡുകൾ" രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നു. ഡിവിഷൻ തലത്തിൽ ജലമോഷണം കണ്ടെത്താനും തടയാനുമായി പ്രത്യേക ഉദ്യോഗസ്ഥ ദൗത്യ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തിരുവനന്തപുരം നഗരത്തിൽ ലീക്ക് ഡിറ്റക്ഷൻ ആന്റ് സർവ്വെ ലെയിൻസ് യൂണിറ്റ് പ്രവർത്തിച്ചു വരുന്നു. കൊച്ചി നഗര പ്രദേശത്ത് 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂം മുഖേന ജലചോർച്ച സംബന്ധിച്ച വിവരങ്ങൾ അറിയുവാനും സംവിധാനം ഉണ്ട്. ജലചോർച്ച കണ്ടുപിടിക്കുന്നതിനാവശ്യമായ നവീന ഉപകരണങ്ങൾ വാങ്ങുവാനും വാട്ടർ അതോറിറ്റിയുടെ എല്ലാ ഡിവിഷനുകളിലും നൽകുവാനും ജെ.ബി.ഐ.സി പദ്ധതികളുടെ ഭാഗമായി നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി) | ജലമോഷണം സംബന്ധിച്ച് കഴിഞ്ഞ വർഷം എത്ര കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് ; | (സി) | അനധികൃത ജല ഉപയോഗം, അനധികൃത കണക്ഷൻ, പൊതുടാപ്പുകളുടെ ദുരുപയോഗം എന്നിവ ഉൾപ്പെടെ അതോറിറ്റിയുടെ മൂന്നു റീജിയനുകളിലായി 495 കേസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | ജലവിതരണ പദ്ധതികൾ നവീകരിക്കുന്നതിനായി പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം | (ഡി) | ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി തിരുവനന്തപുരം, കോഴിക്കോട് നഗരങ്ങളിലെ നിലവിലുള്ള പദ്ധതികളുടെ പുനരുദ്ധാരണ |

വെളിപ്പെടുത്തുമോ ?

പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ഇവ 2010 മാർച്ച് മാസത്തോടെ പൂർത്തീകരിക്കാനാണ് ഇപ്പോൾ ലക്ഷ്യമിട്ടിരിക്കുന്നത്.

തിരുവനന്തപുരം കോർപ്പറേഷൻ പ്രദേശത്തെയും സമീപ പഞ്ചായത്തുകളിലേക്കുമുള്ള ശുദ്ധജല വിതരണ വിപുലീകരണത്തിനായുള്ള പദ്ധതി ജവഹർലാൽ നെഹ്റു അർബൻ റിന്യൂവൽ മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിനു പുറമെ നബാർഡ്, സുനാമി പുനരധിവാസ പദ്ധതി, വൺ ടൈം എ.സി.എ, SLSC, NC/PC എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി പല നവീകരണ പദ്ധതികളും ആവിഷ്ക്കരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം : 287

07.07.2008 ൽ മറുപടിയ്ക്ക്

മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ<br>ശ്രീ. രാജു എബ്രഹാം<br>ശ്രീ. ബി. ഡി. ദേവസ്സി<br>ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ)മുല്ലപ്പെരിയാർ ഡാമിന്റെ ജല നിരപ്പ് ഉയർത്തുന്നതുമായി ബന്ധപ്പെട്ട കേസിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണ്; | (എ) മുല്ലപ്പെരിയാർ വിഷയം സംബന്ധിച്ച് സുപ്രീം കോടതിയിൽ നിലവിലുള്ള കേസിൽ **(O.S.No. 3/2006)** അഡീഷണൽ ഡോക്യുമെന്റ്സ് ഫയൽ ചെയ്യുന്നതിനായി 11.03.08 മുതൽ 4 ആഴ്ച സമയം ബഹു. കോടതി അനുവദിച്ചതനുസരിച്ച് കേരളം രേഖകൾ ഫയൽ ചെയ്യുകയുണ്ടായി. തുടർന്ന് അഫിഡവിറ്റുകൾ മുഖേനയുള്ള തെളിവുകൾ ഫയൽ ചെയ്യുവാനായി ആറാഴ്ച സമയവും കോടതി അനുവദിച്ചു. അതനുസരിച്ച് കേരളത്തിനു വേണ്ടിയുള്ള വിറ്റ്നസ്സുകളെ തീരുമാനിക്കുകയും അവരുടെ പേരിലുള്ള അഫിഡവിറ്റുകൾ തയ്യാറാക്കി വരികയുമാണ്. തുടർവാദം കേൾക്കുന്നതിനുള്ള തീയതി നിശ്ചയിക്കുന്നതിനായി ജുലൈ 2008 മൂന്നാം വാരം കേസ് വീണ്ടും എടുക്കുന്നതാണ്. |
| (ബി) തമിഴ്നാടുമായുള്ള ചർച്ചയിൽ എന്തെങ്കിലും ധാരണ ഉണ്ടായിട്ടുണ്ടോ; | (ബി) ഇല്ല. |
| (സി) ജലനിരപ്പ് 136 അടിയായി പരിമിതപ്പെടുത്തിയാൽ പോലും കനത്ത മഴ ഉണ്ടായാൽ ജലനിരപ്പ് 156 അടിയിൽ കൂടുതൽ ഉയരുമെന്ന് 1985-ൽ കേന്ദ്ര ജല | (സി) ഉണ്ട്. റിപ്പോർട്ട് കോടതിയിൽ സമർപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു വരുന്നു. |

(തുടർച്ച)

കമ്മീഷൻ നടത്തിയ പഠനത്തിൽ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഈ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചിട്ടുണ്ടോ;

(ഡി) മുല്ലപ്പെരിയാർ സ്ഥിതിചെയ്യുന്ന സ്ഥലം തീവ്രതയുള്ള ഭൂകമ്പത്തിന് സാദ്ധ്യതയുള്ള പ്രദേശമാണെന്ന് വിദഗ്ധ സംഘങ്ങൾ നടത്തിയ പഠനങ്ങളിൽ വെളിപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ഡി) ഉണ്ട്. ഇതു സംബന്ധിച്ച് പഠനം നടത്തിയ വിദഗ്ദ്ധ സംഘത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടില്ല.

(ഇ) മുല്ലപ്പെരിയാറിൽ പുതിയ ഡാം നിർമ്മിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(ഇ) മുല്ലപ്പെരിയാറിൽ നിലവിലുള്ള ഡാമിന്റെ കാലപ്പഴക്കവും ബലക്ഷയവും കണക്കിലെടുത്തുകൊണ്ട് പ്രസ്തുത ഡാമിന് പകരമായി അനുയോജ്യമായ സ്ഥാനത്ത് *ഒരു പുതിയ ഡാം* പണിയുന്നതിന് സർക്കാർ തീരുമാനമെടുക്കുകയും, അതിന്റെ പ്രാരംഭ നടപടി എന്ന നിലയിൽ ഒരു സാദ്ധ്യതാ പഠനം നടത്തുന്നതിനും, പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനും ഇറിഗേഷൻ വകുപ്പി*ലെ ഐഡിആർ*ബി വിഭാഗത്തെ ചുമതലപ്പെടുത്തിക്കൊണ്ട് 18.08.2007 ലെ ജി.ഒ.(എം.എസ്) നം.52/2007/ജലവിവ. പ്രകാരം ഉത്തരവിടുകയുണ്ടായി. പുതിയ ഡാമിന്റെ പര്യവേഷണത്തിനായി കുമിളിയിൽ ഒരു ഇൻവെസ്റ്റിഗേഷൻ സബ് ഡിവിഷൻ ഓഫീസ് തുറന്ന് പ്രവർത്തിക്കാനുള്ള അനുമതിയും നൽകുകയുണ്ടായി. തുടർന്ന് ചീഫ് എൻജിനീയർ (**IDRB**) സമർപ്പിച്ച പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ 1,31,25,000/-രൂപയുടെ ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റിനുള്ള ഭരണാനുമതി നൽകിക്കൊണ്ട് 16.02.2008 ലെ **G.O.(MS) No. 5/2008/WRD** പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചു.

പുതിയ ഡാമിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പെരിയാർ ടൈഗർ റിസർവ് വനത്തിൽ സർവ്വേ ചെയ്യുന്നതിനും, ബോർ ഹോൾസ് എടുക്കുന്നതിനുമുള്ള അനുമതി

(തുടർച്ച)

തേടിക്കൊണ്ട് ചീഫ് എൻജിനീയർ (ISW) 26.10.2007 ൽ വനം വകുപ്പിന് കത്തയച്ചു. അതിന്റെ അടിസ്ഥാനത്തിൽ വനം വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി പുതിയ ഡാമിന്റെ പര്യവേഷണത്തിനും മറ്റുമായി അനുമതി തേടിക്കൊണ്ട് മെമ്പർ സെക്രട്ടറി, നാഷണൽ ബോർഡ് ഓഫ് വൈൽഡ് ലൈഫ്, മിനിസ്ട്രി ഓഫ് എൻവിറോൺമെന്റ് ആന്റ് ഫോറസ്റ്റ്, ഗവൺമെന്റ് ഓഫ് ഇന്ത്യ-യ്ക്ക് 11.03.2008 ൽ കത്തയച്ചിട്ടുണ്ട്. മറുപടി പ്രതീക്ഷിക്കുകയാണ്.

പര്യവേഷണത്തിന്റെ ഭാഗമായി നിർദ്ദിഷ്ട ഡാം സൈറ്റിന് താഴെ വള്ളക്കടവ് ചപ്പാത്തിന്റെ താഴ്‌വരയിൽ റിവർ സർവ്വേ നടന്നു കൊണ്ടിരിക്കുകയുമാണ്.

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| | |
|---|---|
| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 288 | 7.7.2008 ൽ മറുപടിക്ക് |

### ജീവൻ രക്ഷാ ഔഷധങ്ങൾ കെട്ടിക്കിടക്കുന്നതിനെതിരെ നടപടി

| *ചോദ്യം* | *മറുപടി* |
|---|---|
| പ്രൊഫ. എൻ. ജയരാജ്<br>ശ്രീ. തോമസ് ഉണ്ണിയാടൻ | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സർക്കാർ ആശുപത്രികളിൽ ജീവൻരക്ഷാ ഔഷധങ്ങൾ ഉൾപ്പെടെയുള്ള മരുന്നുകൾ കെട്ടിക്കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>ബി) മരുന്നുകൾ കെട്ടിക്കിടക്കുന്നതു സംബന്ധിച്ച് ധനകാര്യവകുപ്പിന്റെ പരിശോധന വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | <u>(എ) യും (ബി) യും</u><br><br>ജില്ലാ മെഡിക്കൽ സ്റ്റോറുകളിൽ മരുന്നുകൾ കെട്ടിക്കിടക്കുന്നതായി ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ റിപ്പോർട്ടിൽപ്പറയുന്നുണ്ട്. റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിച്ചുവരുന്നു. |
| സി) റിപ്പോർട്ടിലെ വിശദാംശങ്ങൾ വ്യക്തമാക്കുമോ; | സി) ആവശ്യത്തിലധികം മരുന്ന് ശേഖരിച്ചതായും കാലപ്പരിധികഴിഞ്ഞ മരുന്നുകൾ സൂക്ഷിച്ചു വരുന്നതായും മറ്റുമുള്ള കാര്യങ്ങളാണ് റിപ്പോർട്ടിലുള്ളത്. |
| ഡി) പ്രസ്തുത പരിശോധന സ്ഥിരം സംവിധാനമാക്കുന്നതിന് എന്തെങ്കിലും നടപടികൾ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ? | ഡി) ധനകാര്യ വകുപ്പിന്റെ പരിശോധന സ്ഥിരം സംവിധാനമാക്കാൻ ഉദ്ദേശിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 289 7/7/2008 -ൽ മറുപടിക്ക്

പകർച്ചപ്പനി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>" വി.കെ.ഇബ്രാഹിം കുഞ്ഞ് | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| എ) സംസ്ഥാനത്ത് മാരകമായ മഹാതപ്പനി പടരാൻ സാദ്ധ്യതയുള്ളതായി മുന്നറിയിപ്പു ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ; | എ) ലഭിച്ചിട്ടില്ല. |
| ബി) സംസ്ഥാനത്ത് ഇപ്പോൾ പക്ഷിപ്പനി ഭീഷണി ഉണ്ടോ; എങ്കിൽ എന്തെല്ലാം പ്രതിരോധ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | ബി) സംസ്ഥാനത്ത് ഇപ്പോൾ പക്ഷിപ്പനി ഭീഷണി നിലവിലില്ല. പക്ഷിപ്പനി പ്രതിരോധിക്കാനായി മൃഗസംരക്ഷണ വകുപ്പും ആരോഗ്യ വകുപ്പും സംയുക്തമായി പ്രതിരോധ നടപടികൾ സ്വീകരിച്ചിരുന്നു. സംസ്ഥാനത്തെവിടെ യെങ്കിലും അസാധാരണമായ രീതിയിൽ പക്ഷികളോ, ദേശാടന പക്ഷികളോ ചത്തൊടുങ്ങുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ഉടൻതന്നെ മൃഗ സംരക്ഷണ വകുപ്പിനെയും ആരോഗ്യ വകുപ്പിനെയും അറിയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും വരുന്ന കോഴികളെ എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധന നടത്തി മാത്രം കടത്തി വിടുന്നതിനുവേണ്ടി മൃഗസംരക്ഷണ വകുപ്പിന്റെയും ആരോഗ്യ വകുപ്പിന്റെയും ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് അന്യ സംസ്ഥാനങ്ങളിൽ നിന്ന് വരുന്ന കോഴികളുടെയും ദേശാടന പക്ഷികളുടെയും സാമ്പിളുകൾ ദേശീയ ലബോറട്ടറികളിലയച്ച് പരിശോധന നടത്തുന്നുണ്ട്. പക്ഷിപ്പനി ബാധ |

സംശയിക്കുന്ന ആളുകളിൽ നിന്നും രക്ത സാമ്പിളുകൾ ശേഖരിച്ച് എൻ.ഐ.വി., പൂനെയിൽ പരിശോധനയ്ക്ക് അയയ്ക്കുന്നതിനുള്ള സംവിധാനം ചെയ്തിട്ടുണ്ട്. പക്ഷിപ്പനി ബാധ സംശയിക്കുന്ന സ്ഥലങ്ങളിൽ അടിയന്തിരമായി പ്രതിരോധ പ്രവർത്തനങ്ങളും ശുചീകരണ പ്രവർത്തനങ്ങളും നടത്തുന്നതിനായി 500 പേഴ്സണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ്സ് വാങ്ങിയിട്ടുണ്ട്. പക്ഷിപ്പനി ഭീഷണി നിലനിന്ന സന്ദർഭങ്ങളിൽ എല്ലാ ജില്ലകളിലും ആരോഗ്യ ബോധവൽക്കരണം സംഘടിപ്പിച്ചിരുന്നു.

K.S. Sudha

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ.290 — 7.7.2008ൽ മറുപടിക്ക്

## അമ്മത്തൊട്ടിലിലെ കുട്ടികളുടെ സംരക്ഷണം

ചോദ്യം

ശ്രീമതി.കെ.എസ്.സലീഖ:
ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ:
ശ്രീമതി.പി.അയിഷാ പോറ്റി:
ശ്രീമതി.ജെ.അരുന്ധതി:
ശ്രീമതി.കെ.കെ.ലതിക:

ഉത്തരം

ശ്രീമതി.പി.കെ.ശ്രീമതി ടീച്ചർ
(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ശിശുക്ഷേമസമിതിയുടെ അമ്മത്തൊട്ടിലിൽ ഇതുവരെ എത്ര കുട്ടികളെ ലഭിച്ചു; | (എ) | 88 |
| (ബി) | ഈ കുട്ടികളുടെ സംരക്ഷണത്തിനു സ്വീകരിച്ച നടപടികൾ എന്തെല്ലാം; | (ബി) | കുട്ടികളെ ശിശുക്ഷേമ സമിതിയുടെ ദത്തെടുക്കൽ കേന്ദ്രത്തിൽ പരിചരിച്ചു വരുന്നു. കുട്ടികളെ ദത്ത് നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| (സി) | അമ്മത്തൊട്ടിലിൽ ഉപേക്ഷിക്കപ്പെട്ട കുട്ടികൾക്ക് പിന്നീട് അവകാശികൾ വന്നിട്ടുണ്ടോ; | (സി) | ഇല്ല |
| (ഡി) | അമ്മത്തൊട്ടിലിൽ ലഭിച്ച കുട്ടികളെ ദത്ത് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; | (ഡി) | ഉണ്ട്. 55 കുഞ്ഞുങ്ങളെ ദത്ത് നൽകിയിട്ടുണ്ട്. |
| (ഇ) | എല്ലാ ജില്ലകളിലും അമ്മത്തൊട്ടിൽ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | കൊല്ലം, പത്തനംതിട്ട, ഇടുക്കി, തൃശ്ശൂർ, കോഴിക്കോട് എന്നീ ജില്ലകളിൽ പണി ആരംഭിച്ചു കഴിഞ്ഞു. ബാക്കി ജില്ലകളിൽ ആവശ്യമെങ്കിൽ അമ്മത്തൊട്ടിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും. |

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 291 | 7.7.2008 ൽ മറുപടിക്ക് |
|---|---|

**കൂടുതൽ ലാബുകൾ തുടങ്ങാൻ നടപടി**

| *ചോദ്യം* | *മറുപടി* |
|---|---|
| **ശ്രീ. എ.കെ. ചന്ദ്രൻ**<br>**ശ്രീ. കെ. രാജു**<br>ശ്രീ. രാജാജി മാത്യു തോമസ്<br>**ശ്രീ. കെ. അജിത്** | **ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി** |

| | |
|---|---|
| എ) പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിൽ പരിശോധനകൾ നടത്താൻ ആശുപത്രികളിൽ ലാബുകൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; | എ)സഹകരണ സംഘങ്ങളുടെ സഹായത്തോടെ പാവപ്പെട്ട രോഗികൾക്ക് കുറഞ്ഞ നിരക്കിൽ പരിശോധനകൾ നടത്തുന്നതിനായി സഹകരണ ക്ലിനിക്കൽ ലബോറട്ടറികൾ സ്ഥാപിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. |
| ബി) എങ്കിൽ എത്ര ആശുപത്രികളിൽ, അവ ഏതെല്ലാം; | ബി) നല്ല രീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ ലാബുകളില്ലാത്ത കേരളത്തിലെ എല്ലാ ആശുപത്രികളിലും ഇത്തരം ലാബുകൾ **ആരംഭിക്കാനാണ് ആലോചിക്കുന്നത്.** |
| സി) ഈ ലാബുകളിലെ പരിശോധന നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര വീതം; | സി) ഇല്ല. |
| ഡി) ഈ പദ്ധതിക്ക് സഹകരണ ബാങ്കുകളിൽ നിന്നും സഹായം ലഭ്യമാക്കുന്നുണ്ടോ; എങ്കിൽ ആവശ്യമുള്ള ആശുപത്രികളലെല്ലാം ഇത്തരം ലാബുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) ഇക്കാര്യം പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## എട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 292 | 7.7.2008 ൽ മറുപടിക്ക് |
|---|---|

### സ്കൂളുകളിലെ ഔഷധത്തോട്ട പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ<br>ശ്രീ. കെ.സി. രാജഗോപാലൻ<br>ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ശ്രീ. എം. ജെ. ജേക്കബ്<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി | ശ്രീമതി. പി.കെ. ശ്രീമതി ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി |

| | |
|---|---|
| എ) സ്കൂളുകളിൽ ഔഷധത്തോട്ടങ്ങൾ നിർമ്മിക്കുന്ന പദ്ധതി സ്റ്റേറ്റ് മെഡിസിനൽ പ്ലാൻറ് ബോർഡിൻെറ ആഭിമുഖ്യത്തിൽ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ പദ്ധതി യുടെ വിശദാംശം വെളിപ്പെടുത്തുമോ; | എ) ആരംഭിച്ചിട്ടുണ്ട്. അദ്ധ്യാപകരിലും, വിദ്യാർത്ഥി കളിലും, ഔഷധ സസ്യങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനു വേണ്ടി 2005-2006 അദ്ധ്യയന വർഷം മുതൽ സ്കൂളുകളിൽ നടപ്പിലാക്കി വരുന്ന പദ്ധതിയാണ് "സ്കൂളിൽ ഒരു ഔഷധത്തോട്ടം" ഈ പദ്ധതിയിൽ കൂടി ആയുർവേദ ഔഷധ നിർമ്മാണ രംഗത്ത് സാധാരണമായി ഉപയോഗിക്കുന്ന ചുരുങ്ങിയത് 25 ഇനങ്ങളിൽപ്പെട്ട 50 മുതൽ 100 വരെ ഔഷധചെടികളെങ്കിലും എല്ലാ വിദ്യാലയങ്ങ ളിലും നട്ടുവളർത്തുക എന്നതാണ് ലക്ഷ്യ മിടുന്നത്. ഇതിനായി തെരഞ്ഞെടുക്കപ്പെടുന്ന വിദ്യാലയങ്ങൾക്ക് 5000 രൂപ മുതൽ 10,000 രൂപ വരെ ധനസഹായം നൽകിവരുന്നു. സോഷ്യൽ ഫോറസ്ടി, ഔഷധി തുടങ്ങിയ ഗവൺമെൻറ് സ്ഥാപനങ്ങളും, ഓയിസ്ക എന്ന ഗവൺമെൻേറതര സന്നദ്ധ സംഘടനയും മുഖേന ആണ് മേൽ പദ്ധതി നടപ്പിലാക്കിവരുന്നത്. |
| ബി) ഇപ്പോൾ എത്ര സ്കൂളുകളിൽ ഔഷധത്തോട്ടങ്ങൾ ഫലപ്രദമായി പ്രവർത്തിക്കുന്നു; | ബി) നാനൂറ്റി ഇരുപത് (420) സ്കൂളുകളിൽ |
| സി) ഏതെല്ലാം വകുപ്പുകളുടെയും സ്ഥാപനങ്ങളുടേയും സഹകരണം ഈ പദ്ധതിക്ക് ലഭിക്കുന്നുണ്ട്; | സി) ദേശീയ ഔഷധ സസ്യബോർഡിൻേറയും, സംസ്ഥാന ആയുർവേദ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൻേറയും ധനസഹായവും പദ്ധതി നടത്തിപ്പിനായി സോഷ്യൽ ഫോറസ്ട്രി, ഔഷധി എന്നീ ഗവൺമെൻറ് സ്ഥാപനങ്ങളുടെയും, ഓയിസ്ക എന്ന ഗവൺമെൻറിതര സ്ഥാപന ത്തിൻേറയും സഹകരണം ലഭിക്കുന്നുണ്ട്. |
| ഡി) ഓരോ ഔഷധച്ചെടിയുടെയും ഔഷധമൂല്യം കുട്ടികളെ പഠിപ്പിക്കുന്ന തിനുകൂടി നടപടി സ്വീകരിക്കുമോ; | ഡി) നടപടികൾ സ്വീകരിച്ചുവരുന്നു. |
| ഇ) ഈ വർഷം എത്ര സ്കൂളുകളിലേക്ക് കൂടി പദ്ധതി വ്യാപിപ്പിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്? | ഇ) ഈ അദ്ധ്യയന വർഷം സംസ്ഥാനത്താകമാനമായി തെരഞ്ഞെടുക്കപ്പെട്ട 500 സ്കൂളുകളിൽ കൂടി പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |

4

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *283 — 07.07.2008-ൽ മറുപടിക്ക്

## ബോക്സൈറ്റ് ഖനനം

**ചോദ്യം**
ശ്രീ.കോവൂർ കുഞ്ഞുമോൻ

**ഉത്തരം**
ശ്രീ.എളമരം കരീം
ബഹു.വ്യവസായ വകുപ്പ് മന്ത്രി

| | |
|---|---|
| (എ) കേരളത്തിൽ ബോക്സൈറ്റ് നിക്ഷേപം കൂടുതലുള്ള പ്രദേശങ്ങൾ ഏതൊക്കെയാണ്; | (എ) കേരളത്തിൽ ബോക്സൈറ്റ് നിക്ഷേപം കൂടുതലായി കണ്ടെത്തിയിട്ടുള്ളത് കാസർഗോഡ് ജില്ലയിലെ നീലേശ്വരം, കുമ്പള, കണ്ണൂർ ജില്ലയിലെ തളിപ്പറമ്പ്, കൊല്ലം ജില്ലയിലെ ശൂരനാട്, വടക്കുമുറി എന്നിവിടങ്ങളിലാണ്. |
| (ബി) റോയൽറ്റി വെട്ടിച്ച് കേരളത്തിൽ നിന്നും അനധികൃതമായി ബോക്സൈറ്റ് കടത്തി കൊണ്ടു പോകുന്നതു ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് തടയുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) അനധികൃത ബോക്സൈറ്റ് ഖനനവും കടത്തും ശ്രദ്ധയിൽപ്പെടുന്ന മുറയക്ക് 1957-ലെ മൈൻസ് & മിനറൽസ് റെഗുലേഷൻ ആക്ട് പ്രകാരം നടപടികൾ സ്വീകരിക്കാറുണ്ട്. |
| (സി) ബോക്സൈറ്റ് നിക്ഷേപം കൂടുതലുള്ള കുന്നത്തൂർ മണ്ഡലത്തിലെ പോരുവഴി പഞ്ചായത്തിൽ പൊതുമേഖലയിൽ ബോക്സൈറ്റ് ഖനനം നടത്തുന്ന വ്യവസായം തുടങ്ങുന്ന കാര്യം പരിഗണനയിലുണ്ടോ? | (സി) പരിഗണനയിലില്ല. വ്യാവസായിക അടിസ്ഥാനത്തിൽ ഖനനം നടത്തുവാനുള്ള ബോക്സൈറ്റ് നിക്ഷേപം ഈ പ്രദേശത്ത് ഇല്ല. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 294 07..07..2008-ൽ മറുപടിക്ക്

മരടിലെ ഹൈടെക് സിറ്റി പദ്ധതി

ചോദ്യം

പ്രൊഫ. കെ. വി. തോമസ്

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | മരടിലെ ഹൈടെക് സിറ്റി പദ്ധതിക്ക് സർക്കാർ ഭൂമി കൈമാറിയിട്ടുണ്ടോ ; | (എ) | ഇല്ല. |
| (ബി) | പദ്ധതി സംബന്ധിച്ച് പരിസ്ഥിതി പഠനം പൂർത്തിയായിട്ടുണ്ടോ ; | (ബി) | പൂർത്തിയായിട്ടില്ല. |
| (സി) | പദ്ധതിയിൽ എത്ര തൊഴിലവസരങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ ? | (സി) | ഏകദേശം 75,000 തൊഴിലവസരങ്ങൾ |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 295 — 07.07.2008-ൽ മറുപടിക്ക്

### നദികൾ മാലിന്യ വിമുക്തമാക്കാനും സംരക്ഷിക്കാനും നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. രാജു എബ്രഹാം<br>ശ്രീ. എം. ഹംസ<br>ശ്രീ. കെ. ടി. ജലീൽ<br>ശ്രീ. വി. ശശികുമാർ<br>ശ്രീ. കെ. സി. രാജഗോപാലൻ | ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്തെ മിക്ക നദികളും മണൽ വാരൽ, മലിനീകരണം എന്നിവ മൂലം നാശോന്മുഖമായികൊണ്ടിരിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (എ)ഉണ്ട്. അനിയന്ത്രിത മണൽ വാരൽ മൂലം നദീതടങ്ങൾ താഴുകയും ഗുരുതരമായ പരിസ്ഥിതി പ്രശ്നങ്ങൾക്കിടയാക്കുകയും ചെയ്യുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) നദികൾ മാലിന്യമുക്തമാക്കുന്നതിനു വേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; ഈ പദ്ധതിക്ക് കേന്ദ്രസഹായമായി എന്തു തുക ലഭിച്ചിട്ടുണ്ട്; | (ബി) വ്യവസായശാലകൾ, ആശുപത്രികൾ, ഹോട്ടലുകൾ, ഹൗസ് ബോട്ടുകൾ മുതലായ മലിനജലം പുറത്തേക്കൊഴുക്കുന്ന സ്ഥാപനങ്ങളിലും വാഹനങ്ങളിലും നിന്നുള്ള ജലമലിനീകരണം നിയന്ത്രിക്കാൻ കേന്ദ്ര സർക്കാർ 1974-ലെ ജലമലിനീകരണ (നിവാരണവും നിയന്ത്രണവും) നിയമം വിജ്ഞാപനം ചെയ്തിട്ടുണ്ട്. നിബന്ധനകൾ പാലിക്കുന്നതിൽ ആവർത്തിച്ചു വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾ അടച്ചു പൂട്ടിക്കുകയോ പ്രവർത്തനം പരിമിതപ്പെടുത്തുകയോ അവയക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയോ ചെയ്തു വരുന്നു. നഗരങ്ങളിലും പട്ടണങ്ങളിലും നിന്നുള്ള സീവേജ് ഉൾപ്പെടെയുള്ള ഓട ജലം മൂലമുള്ള |

(തുടർച്ച)

മലിനീകരണം നിയന്ത്രിക്കുന്നതിന് നടപടികൾ കേരള വാട്ടർ അതോറിറ്റിയും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും നടത്തി വരുന്നു.

സംസ്ഥാനത്തെ പത്തു പ്രധാന നദികൾ മാലിന്യമുക്തമാക്കുന്നതിന് വേണ്ടി 2567 കോടി രൂപ മതിപ്പ് ചെലവുള്ള കർമ്മ പദ്ധതിക്കുള്ള രൂപരേഖ മലിനീകരണ ബോർഡ് തയ്യാറാക്കി 1997 ൽ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിരുന്നു. 320 കോടി രൂപ ചെലവുള്ള പമ്പാ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അംഗീകരിക്കുകയും ആദ്യഘട്ടം നടപ്പിലാക്കാനായി 18.45 കോടി രൂപ സർക്കാരിന് 2003 നവംബറിൽ കേന്ദ്ര സർക്കാർ ലഭ്യമാക്കുകയും ചെയ്തു. സുനാമി പുനരധിവാസ പദ്ധതിയിൽ നദീതീര സംരക്ഷണത്തിനായി 34.60 കോടി രൂപയുടെ കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്.

(സി) നദീതീര സംരക്ഷണത്തിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

(സി) കടവോ നദീതീരമോ പരിപാലിക്കുന്നതിലേക്കും നദീതീര വികസന പദ്ധതികൾ നടപ്പിലാക്കുന്നതിലേക്കും ആവശ്യമായ എല്ലാ ചെലവുകളും വഹിക്കുന്നതിലേക്കായി 2002 ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും ചട്ടം 22(1) പ്രകാരം ജില്ലാ കളക്ടർമാരുടെ മേൽനോട്ടത്തിൽ റിവർ മാനേജ്മെന്റ് ഫണ്ട് രൂപീകരിച്ചിട്ടുണ്ട്.

നദീതീര സംരക്ഷണത്തിന് 'ഫ്ളഡ് കൺട്രോൾ', 'ഫ്ളഡ് ഡാമേജ്' ഇനങ്ങളിലായി സംസ്ഥാന ബഡ്ജറ്റിൽ 2008-09 ൽ 8 കോടി രൂപ വകകൊള്ളിച്ചിട്ടുണ്ട്. ഈ ഫണ്ടുപയോഗിച്ച് ആവശ്യം വേണ്ട സ്ഥലങ്ങളിൽ നദീതീര സംരക്ഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ച് കൂടുതൽ സംരക്ഷണപണികൾ

(തുടർച്ച)

ഏറ്റെടുക്കുന്നതിനുള്ള നടപടികൾ അതത്
ജില്ലാ കളക്ടർമാർ മുഖാന്തിരം
എടുത്തുവരുന്നു. സുനാമി
പുനരധിവാസ പദ്ധതിയിൽ നദീതീര
സംരക്ഷണത്തിനായി 34.60 കോടി
രൂപയുടെ പദ്ധതികൾക്ക് ഭരണാനുമതി
നൽകിയിട്ടുണ്ട്. ഈ പദ്ധതികൾ
തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ
എറണാകുളം, തൃശ്ശൂർ, മലപ്പുറം
കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ
നടപ്പാക്കാനാണ് അനുമതി
നൽകിയിട്ടുള്ളത്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**

**ഏട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 296** — **07-07-2008-ൽ മറുപടിക്ക്**

## ദുരന്ത മേഖലകളിൽ രക്ഷാപ്രവർത്തനത്തിന് യുവജനകർമ്മസേന

**ചോദ്യം**

ശ്രീ.ആർ.സെൽവരാജ്:
ശ്രീ.ബി.ഡി.ദേവസ്സി:
ശ്രീ.കെ.സി.കുഞ്ഞിരാമൻ:
ശ്രീ.സി.കെ.പി.പത്മനാഭൻ:
പ്രൊഫ:സി.രവീന്ദ്രനാഥ്:

**ഉത്തരം**

ശ്രീ.എം.വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ) ദുരന്ത മേഖലകളിൽ രക്ഷാപ്രവർത്തനങ്ങളും മറ്റു ബോധവത്ക്കരണ പരിപാടികളും നടത്തുന്നതിനായി യുവജനങ്ങളുടെ കർമ്മസേന രൂപീകരിക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(എ) ഉണ്ട്, കേരളത്തിലെ യുവജനങ്ങളുടെ കർമ്മശേഷി, ജീവകാരുണ്യ പ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുക എന്ന ലക്ഷ്യത്തോടെയാണ് കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് എല്ലാ ജില്ലകളിലും യുവകർമ്മ സേനകൾ രൂപീകരിച്ചിട്ടുള്ളത്. എല്ലാ ജില്ലകളിലും 100 പേരിൽ കുറയാതെ യുവതി/യുവാക്കൾ യുവകർമ്മസേനയിലെ അംഗങ്ങളാണ്. സംസ്ഥാനതല യുവകർമ്മസേനയും ഗ്രാമതല യുവകർമ്മ സേനയും രൂപീകരിക്കുന്നതാണ്. സംസ്ഥാനത്ത് യുവശക്തിയെ ശരിയായ ലക്ഷ്യ പ്രാപ്തിയ്ക്കായി വിനിയോഗിക്കുന്നതിനു വേണ്ടി എല്ലാ യുവകർമ്മ സേനാംഗങ്ങൾക്കും പരിശീലനം, ബോധവത്ക്കരണം എന്നിവ നൽകുന്നതാണ്. കൂടാതെ ഇതിന്റെ ലക്ഷ്യപ്രാപ്തിയ്ക്കായി ശില്പശാല സംഘടിപ്പിക്കുകയും യുവകർമ്മസേനാംഗങ്ങൾക്ക് യൂണിഫോം, ബാഡ്ജ് എന്നിവ നൽകുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുന്നതാണ്.

(ബി) കർമ്മസേനയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നവർക്കു വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്;

(ബി) 15-നും 35-നും ഇടയ്ക്ക് പ്രായമുള്ള സേവന തത്പരരായ യുവജനങ്ങളെയാണ് യുവകർമ്മസേനയിലേയ്ക്ക് തെരഞ്ഞെടുക്കുന്നത്.

(സി) കർമ്മസേനയിൽ പങ്കാളിയാവുന്നതിന് താത്പര്യപ്പെട്ട് യുവജനങ്ങൾ കൂടുതലായി മുന്നോട്ടു വരുന്നുണ്ടോ ;

(സി) ഉണ്ട്.

(ഡി) കർമ്മസേനയ്ക്ക് പരിശീലനം നൽകുന്നതിനുള്ള സംവിധാനം എന്താണ്;

(ഡി) യും (ഇ) യും
യുവശക്തി പദ്ധതിയുടെ ഭാഗമായി പഞ്ചായത്തു തലത്തിൽ യുവകർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഈ പ്രക്രിയ പൂർത്തിയാകുന്നതോടെ യുവ കർമ്മ സേനയിലെ അംഗങ്ങൾക്ക് ജില്ലാതല പരിശീലനം നൽകി അവരെ റിസോഴ്സ് പേഴ്സൺമാരായി ഉപയോഗിച്ച് പഞ്ചായത്ത്/മുനിസിപ്പൽ തലത്തിൽ രൂപീകരിക്കുന്ന യുവകർമ്മസേനാംഗങ്ങൾക്ക് പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്.

(ഇ) പദ്ധതി പഞ്ചായത്തുതലം വരെ വിപുലീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

Valsal

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

### എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. 297: 07..07..2008-ൽ മറുപടിക്ക്

### സർക്കാരിന്റെ വ്യവസായ നയം

ചോദ്യം

ശ്രീ. എ. പ്രദീപ് കുമാർ;
ശ്രീ. ആനത്തലവട്ടം ആനന്ദൻ;
ശ്രീ. പി. ജയരാജൻ;
ശ്രീ എം. എം. മോനായി;
ശ്രീ. എം. പ്രകാശൻ മാസ്റ്റർ;

ഉത്തരം

ശ്രീ. എളമരം കരീം
(വ്യവസായ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാരിന്റെ വ്യവസായ നയത്തിൽ ഏതെല്ലാം കാര്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത് ; | (എ) | പരമ്പരാഗത വ്യവസായ മേഖല, കൈത്തറി, ഖാദി, ഗ്രാമീണ വ്യവസായം, വസ്ത്രനിർമ്മാണ മേഖല, കരകൗശല നിർമ്മാണം, സുവനീർ വ്യവസായം, കയർ, പട്ടുനൂൽ വ്യവസായം, മുള, കശുവണ്ടി, ബീഡി, ഓട്ടു വ്യവസായം, മത്സ്യ സംസ്ക്കരണം എന്നീ മേഖലകൾക്ക് പ്രത്യേക ഊന്നൽ നൽകിയിരിക്കുന്നു.<br><br>വ്യവസായ [illegible] [illegible] സാമ്പത്തികവും സാമ്പത്തികേതരവുമായ സഹായം നൽകാൻ സർക്കാർ ഉദ്ദേശിക്കുന്നു. കൂടാതെ കാർഷികോല്പന്ന വ്യവസായ-ങ്ങളുടെ ശൃംഖല രൂപീകരിക്കുന്നതിനും ഒരു കേരള ബ്രാന്റിന് രൂപം നൽകുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു.<br><br>ലാഭകരമാക്കാൻ സാധ്യതയുള്ള സംസ്ഥാന തല പൊതുമേഖല സ്ഥാപനങ്ങൾ പുന:സംഘ-ടിപ്പിക്കുകയും ആധുനികവൽക്കരിക്കുകയും വൈവിധ്യവൽക്കരിക്കുകയും മാനേജ്മെന്റ് കൂടുതൽ വൈദഗ്ധ്യമുള്ളതാക്കുകയും |

ചെയ്യുക,

സൂക്ഷ്മ, ചെറുകിട, മധ്യതല സംരംഭങ്ങൾ വിവിധ പദ്ധതികളിലൂടെ ശക്തമാക്കുക,

ഉത്പാദന സേവന മേഖലകളിൽ വൻതോതിൽ നിക്ഷേപം ആകർഷിക്കുന്നതിന് ഉതകുന്ന വിധത്തിൽ ലോകനിലവാരത്തിലുള്ള അടിസ്ഥാന സൗകര്യം ഒരുക്കുക,

ചെറുകിട സംരംഭങ്ങളുടെ വികസനത്തിന് വ്യവസായക്ലസ്റ്ററുകൾ സ്ഥാപിക്കുക,

മികച്ച വ്യാവസായിക വളർച്ചയ്ക്കും അടിസ്ഥാന സൗകര്യ മേഖലയുടെ വികസനത്തിനുമായി വ്യാവസായിക പാർക്കുകൾ, വ്യാവസായിക ടൗൺഷിപ്പുകൾ, വ്യാവസായിക ഇടനാഴികൾ, പ്രത്യേക സാമ്പത്തിക മേഖലകൾ എന്നിവ സ്ഥാപിക്കുക,

വിദേശ നിക്ഷേപം ആകർഷിക്കുന്നതിനും അവരുടെ അധിക വരുമാനം ഉപയോഗപ്പെടുത്തുന്നതിനും സുപ്രധാന ഉത്പാദന സേവന മേഖലകളിൽ അവരുടെ വൈദഗ്ധ്യം ഉപയോഗപ്പെടുത്തുന്നതിനും പദ്ധതികൾ ആവിഷ്ക്കരിക്കുക,

വ്യാവസായിക വ്യാപാര ഉപയോഗങ്ങൾക്കായി വസ്തു ഏറ്റെടുക്കുന്നതിന് ഫാസ്റ്റ്ട്രാക്ക് സംവിധാനം, ഭൂമി ബാങ്ക് എന്നിവ സ്ഥാപിക്കുക,

അർഹതയുള്ള വ്യവസായികൾക്ക് ഇൻസന്റീവ്സ് നൽകുക, ഏകജാലക സംവിധാനം വഴി ലൈസൻസുകളും, ക്ലിയറൻസുകളും വേഗത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക എന്നിവയ്ക്കും വ്യവസായനയത്തിൽ പ്രധാനമായും

| | | | |
|---|---|---|---|
| | | | ഊന്നൽ നൽകിയിരിക്കുന്നുണ്ട്. |
| (ബി) | വ്യവസായ നയം പ്രഖ്യാപിച്ചതിനുശേഷം വ്യവസായരംഗത്ത് എന്തുമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട്; | (ബി) | വ്യവസായ നയം പ്രഖ്യാപിച്ച 2007-2008 വർഷം ഇൻഡസ്ട്രീസ് എന്റർപ്രണേഴ്സ് മെമ്മോറാണ്ടം ഫയൽ ചെയ്തതനുസരിച്ച് 5206 സൂക്ഷ്മ, ഇടത്തരം, ചെറുകിട സംരംഭങ്ങൾ വന്നിട്ടുണ്ട്. ഇതിലൂടെ 798 കോടിയുടെ നിക്ഷേപം വന്നിട്ടുണ്ട്. കൂടാതെ 46,369 തൊഴിലവസരങ്ങളും സൃഷ്ടിക്കപ്പെട്ടു. വ്യവസായ നയം പ്രഖ്യാപിക്കുന്നതിന്റെ തൊട്ടുമുൻപുള്ള വർഷം 3878 യൂണിറ്റുകൾ മാത്രമാണ് ഇൻഡസ്ട്രിയൽ എന്റർപ്രണേഴ്സ് മെമ്മോറാണ്ടം ഫയൽ ചെയ്തത്. ചെറുകിട വ്യവസായ സംരംഭങ്ങളുടെ സംരക്ഷണത്തിനും വികസനത്തിനുമായിട്ടുള്ള ക്ലസ്റ്റർ ഡെവ-ലപ്മെന്റ് പ്രോഗ്രാം ഊർജ്ജിതമായി നടത്തി വരുന്നുണ്ട്. ഫർണിച്ചർ ക്ലസ്റ്റർ, എറണാകുളം, വള്ളുവനാട് വുഡ് ക്ലസ്റ്റർ, പെരിന്തൽമണ്ണ, കാലിക്കറ്റ് ഓഫ്സെറ്റ് പ്രിന്റേഴ്സ് ക്ലസ്റ്റർ, കോഴിക്കോട് എന്നീ ക്ലസ്റ്ററുകൾക്ക് കൺസോർഷ്യം രൂപീകരിക്കുകയും പൊതു സൗകര്യം ഏർപ്പെടുത്തുന്നതിനായി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയും അതിന് അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്.<br>ചെറുകിട വ്യവസായ മേഖലയിലെ പീഡിത വ്യവസായങ്ങൾ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 3607 പീഡിത വ്യവസായ യൂണിറ്റുകൾ കണ്ടെത്തിയിട്ടുണ്ട്. |
| (സി) | വ്യവസായ നിക്ഷേപം പ്രോത്സാഹി-പ്പിക്കുന്നതിന് സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; | (സി) | ബഹു: വ്യവസായ വകുപ്പ് മന്ത്രി ജില്ലകളിൽ വ്യവസായികളുമായി മുഖാമുഖം പരിപാടി നടത്തി. വ്യവസായികളുടെ പ്രശ്നങ്ങൾ |

| | | | |
|---|---|---|---|
| | | | പരിഹരിച്ച് വ്യവസായത്തിന് അനുകൂലമായ അന്തരീക്ഷം സൃഷ്ടിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ജില്ലകളിൽ വ്യവസായ സെമിനാറുകളും വ്യവസായ സംരംഭകത്വ പരിശീലന പരിപാടികളും നടത്തി വരുന്നു. പുതിയതായി ആരംഭിക്കുന്ന വ്യവസായ യൂണിറ്റുകൾക്ക് സബ്സിഡി മാർജിൻമണി ലോൺ എന്നിവ നൽകി വരുന്നു. |
| (ഡി) | ചെറുകിട വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ; | (ഡി) | ചെറുകിട വ്യവസായം ശക്തിപ്പെടുത്തുന്നതിനായി ഓരോ ജില്ലയിലും ബഹു: വ്യവസായ വകുപ്പ് മന്ത്രി വ്യവസായികളുമായി മുഖാമുഖം പരിപാടി നടത്തി വരുന്നു. ഈ പരിപാടി ഇതിനകം തിരുവനന്തപുരം, കൊല്ലം, എറണാകുളം, മലപ്പുറം, കോഴിക്കോട്, വയനാട് എന്നീ ജില്ലകളിൽ നടത്തിക്കഴിഞ്ഞു. വ്യവസായികൾ സമർപ്പിച്ച ഒട്ടുമിക്ക പരാതിയിലും തീർപ്പുകൽപ്പിക്കാൻ സാധിച്ചിട്ടുണ്ട്. കൂടാതെ നിലവിലുള്ള സൂക്ഷ്മ - ചെറുകിട വ്യവസായങ്ങളുടെ പുരോഗതിക്കും അവയെ മത്സരക്ഷമമാക്കുന്നതിനും ക്ലസ്റ്റർ വികസന പരിപാടി നടത്തി വരുന്നു. ഇതിന്റെ ഭാഗമായി ആറ് ക്ലസ്റ്ററുകളിൽ ബെഞ്ച്മാർക്ക് സ്റ്റഡി നടത്തിക്കഴിഞ്ഞു. പതിനാല് ക്ലസ്റ്ററുകളിൽ ബെഞ്ച്മാർക്ക്സ്റ്റഡി നടത്തിക്കൊണ്ടിരിക്കുന്നു. കോട്ടയം റബ്ബർ ക്ലസ്റ്റർ കൺസോർഷ്യം രൂപീകരിക്കുകയും പൊതു സൗകര്യം ( Inter mixing Mill ) കെട്ടിപ്പടുക്കുകയും പ്രവർത്തനമാരംഭിക്കുകയും ചെയ്തു. നാല് ക്ലസ്റ്ററുകളിൽ കൺസോർഷ്യം രൂപീകരിക്കുകയും അതിന്റെ കീഴിൽ പൊതുസൗകര്യം ഏർപ്പെടുത്തുന്നതിന് കേന്ദ്രസർക്കാരിന്റെ |

| | | | |
|---|---|---|---|
| | | | സഹായത്തോടെയുള്ള നടപടികൾ പുരോഗമിച്ചു കൊണ്ടിരിക്കുന്നു. മൂന്നു ക്ലസ്റ്ററുകളിൽ കൺസോർഷ്യം രൂപീകരിച്ച് പൊതു സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ടിന് കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിക്കുകയും ചെയ്തു. ചെറുകിട വ്യവസായ മേഖലയിലെ പീഡിത യൂണിറ്റുകളെ പുനരുദ്ധരിക്കുന്നതിന്റെ ഭാഗമായി 3607 പീഡിത യൂണിറ്റുകളെ കണ്ടെത്തിയിട്ടുണ്ട്. |
| (ഇ) | ചെറുകിട വ്യവസായികളുടെ മാർജിൻമണി കുടിശ്ശിക തീർപ്പാക്കുന്നതിന് സ്വീകരിച്ച നടപടികൾ ഗുണം ചെയ്തിട്ടുണ്ടോ ? | (ഇ) | ഉണ്ട്.<br>കുടിശ്ശിക നിവാരണ പ്രക്രിയ രണ്ട് ഘട്ടമായിട്ടാണ് നടപ്പാക്കിയത്. ആദ്യഘട്ടത്തിൽ 965 പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു. പലിശയുൾപ്പെടെ 3,15,46,341 രൂപ പിരിഞ്ഞു കിട്ടി. രണ്ടാം ഘട്ടത്തിൽ 615 പേർക്ക് പ്രയോജനം ലഭിച്ചു. പലിശയുൾപ്പെടെ 2,37,31,375 രൂപ പിരിഞ്ഞു കിട്ടി. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ: 298

7.7.2008-ൽ മറുപടിക്ക്

## മലബാർ സിമന്റ്സ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.അച്ചുതൻ<br>ശ്രീ.സി.പി.മുഹമ്മദ്<br>ശ്രീ.ടി.എൻ.പ്രതാപൻ | ശ്രീ.എളമരം കരീം<br>(വ്യവസായ വകുപ്പ് മന്ത്രി) |
| (എ) പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ്സ് അസംസ്കൃത സാധനങ്ങളുടെ ദൗർലഭ്യം മൂലം നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | (എ) ഫ്ലൈ ആഷ് സപ്ലൈ ചെയ്യുവാൻ നിലവിലുള്ള ദീർഘകാല കരാറിനു പുറമെ പബ്ലിക്ക് ടെണ്ടർ വിളിച്ച് പുതിയ ഏജൻസികൾക്ക് 2008 ജൂൺ മാസത്തിൽ ഓർഡർ നൽകുകയുണ്ടായി. തമിഴ്നാട് ന്യൂസ് പ്രിന്റിൽ നിന്നും 2008 ജൂലൈ മാസം മുതൽ ഒരു വർഷത്തേയ്ക്ക് 20000 ടൺ ഫ്ലൈ ആഷ് ലഭ്യമാക്കുവാൻ കരാറായിട്ടുണ്ട്. ക്ലിപ്ത വിലയിലും അളവിലും ജിപ്സം ലഭ്യമാക്കുവാൻ ഫാക്ടുമായി ഒരു ഉഭയകക്ഷി കരാർ (എം.ഒ.യു) 2008 ജൂൺ മാസത്തിൽ ഒപ്പിട്ടു.<br>സ്വീറ്റ്നർ ഗ്രേഡും സിമന്റ് ഗ്രേഡും ചുണ്ണാമ്പുകല്ല് ആവശ്യാനുസരണം പൊതുമേഖലാ സ്ഥാപനമായ **Tamin**-ൽ നിന്നും ലഭിച്ചുവരുന്നു. ഇതു കൂടാതെ സിമന്റ് ഗ്രേഡ് ചുണ്ണാമ്പുകല്ല് സപ്ലൈ ചെയ്യുവാനായി തമിഴ്നാട്ടിലെ മറ്റൊരു ഏജൻസിയുമായി രണ്ടു വർഷത്തെ ഒരു കരാർ നിലവിലുണ്ട്. |
| (ബി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ മലബാർ സിമന്റ്സിന്റെ ഉൽപാദനത്തിൽ എത്ര വർദ്ധനവുണ്ടായി; | (ബി) കഴിഞ്ഞ രണ്ടു വർഷങ്ങളിലും മലബാർ സിമന്റ്സിന്റെ ഉല്പാദനത്തിൽ വർദ്ധനവ് ഉണ്ടായിട്ടില്ല. |
| (സി) കഴിഞ്ഞ രണ്ടു വർഷങ്ങളിൽ ഇവിടെ നിന്നും എത്ര ടൺ സിമന്റ് വീതമാണ് ഉൽപാദിപ്പിച്ചത്; | (സി) 2006-07-ൽ 621144 ടണ്ണും, 2007-08-ൽ 568962 ടണ്ണും ആയിരുന്നു സിമന്റ് ഉല്പാദനം. |
| (ഡി) ഇപ്പോൾ പ്രതിദിന ഉൽപാദനത്തിൽ എന്തു കുറവുണ്ടായിട്ടുണ്ട്; | (ഡി) 400 ടണ്ണോളം കുറവുണ്ടായിട്ടുണ്ട്. |
| (ഇ) ഇവിടത്തെ കൽക്കരി ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | (ഇ) കൽക്കരി ക്ഷാമം പരിഹരിക്കുന്നതിന് 2008 ഏപ്രിലിൽ കോൾ ഇന്ത്യയുമായി 2 വർഷത്തേയ്ക്കുള്ള ഒരു കരാർ ഒപ്പുവച്ചിട്ടുണ്ട്. ഇതിനു പുറമെ ഇറക്കുമതി ചെയ്ത കൽക്കരി (**Imported Coal**) ഓപ്പൺ ടെണ്ടർ മുഖേന ലഭ്യമാക്കി വരുന്നു. |

| | |
|---|---|
| (എഫ്) കോൾ ഇന്ത്യാ ലിമിറ്റഡിൽ നിന്നും കൽക്കരി വാങ്ങുന്നതിന് പുറമെ ഓപ്പൺ ടെണ്ടർ വിളിച്ച് ഇറക്കുമതി ചെയ്യുന്നതുമായ കൽക്കരി വാങ്ങണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ? | (എഫ്) പബ്ലിക്ക് ടെണ്ടർ മുഖേന State Trading Corporation-നുമായി imported Coal എത്തിച്ചുവാനുള്ള ഒരു കരാർ തയ്യാറായി വരുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 299 — 07-07-2008 ൽ മറുപടിയ്ക്ക്.

## സബർബൻ ട്രെയിൻ

ചോദ്യം:
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.ജോസഫ് എം.പുതുശ്ശേരി :
ശ്രീ.തോമസ് ചാഴികാടൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ).നഗരങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുന്ന സബർബൻ ട്രെയിൻ പദ്ധതി ഏതു ഘട്ടംവരെയായി; [illegible] ഇതിന്റെ അടങ്കൽ തുക എത്രയാണ് ;

(ബി). ഇക്കാര്യത്തിനായി ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; കേന്ദ്ര സർക്കാരിനോട് പ്രസ്തുത പദ്ധതി നടപ്പിലാക്കുവാൻ ആവശ്യപ്പെട്ടിട്ടുണ്ടോ ;

(സി).പ്രസ്തുത പദ്ധതിയിൽ, തിരുവനന്തപുരം-കൊച്ചി നഗരങ്ങളെത്തമ്മിൽ ബന്ധിപ്പിക്കുവാനുള്ള പ്രൊപ്പോസൽ നൽകിയിട്ടുണ്ടോ ; ഇല്ലെങ്കിൽ ആയത് തയ്യാറാക്കി അടിയന്തിരമായി കേന്ദ്ര സർക്കാരിന് സമർപ്പിക്കുമോ ?

(എ), (ബി) & (സി).

സബർബൻ ട്രെയിൻ പദ്ധതി ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ നഗരങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി കൊല്ലത്ത് ഒരു എം.ഇ.എം.യു സ്റ്റേബ്ളിംഗ് യൂണിറ്റിന്റെ പണികൾ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 300 07-07-2008-ൽ മറുപടിയ്ക്ക്

## അത്‌ലറ്റിക് മീറ്റുകൾ

**ചോദ്യം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

**ഉത്തരം**

ശ്രീ. എം. വിജയകുമാർ
(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)

(എ)
ഈ സീസണിൽ ഏതൊക്കെ ദേശീയ അത്‌ലറ്റിക് മീറ്റുകൾക്ക് കേരളം ആതിഥേയത്വം വഹിക്കും എന്നറിയിക്കുമോ ;

(എ)
2008 സെപ്തംബർ 8- മുതൽ 11-വരെ ദേശീയ ഓപ്പൺ അത്‌ലറ്റിക് മത്സരം കൊച്ചിയിൽ വച്ച് നടക്കുന്നതാണ്.

(ബി)
അന്താരാഷ്ട്ര അത്‌ലറ്റിക് മീറ്റുകൾ നടത്തുന്നതിനാവശ്യമായ സൗകര്യങ്ങളോടു കൂടിയ ഒരു സ്പോർട്സ് സിറ്റി നിർമ്മിക്കണമെന്ന നിർദ്ദേശം പരിഗണനയിലുണ്ടോ;

(ബി)
പരിശോധിക്കുന്നതാണ്.

(സി)
ഇത് സംബന്ധിച്ച് കേരള അത്‌ലറ്റിക് അസോസിയേഷൻ എന്തെങ്കിലും നിർദ്ദേശങ്ങൾ സമർപ്പിച്ചിട്ടുണ്ടോ ;

(സി)
ഇല്ല.

(ഡി)
ഇത്തരത്തിൽ സ്ഥാപിക്കുന്ന സ്പോർട്സ് സിറ്റിക്കായി എത്ര സ്ഥലം വേണ്ടി വരുമെന്നും ഇത് എവിടെ സ്ഥാപിക്കുമെന്നും ഇതിന് എന്തു ചെലവ് വരുമെന്നുമുള്ള വിവരം വിശദമാക്കാമോ ?

(ഡി)
പരിശോധിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ